UNIVERSITY LIBRARY
26 MAY 1949
MADRAS

# പാരിജാതം

പുസ്തകം 2 | 1124 മീനം. | ലക്കം 8

## മംഗളം.

(സാഹിത്യശിരോമണി, ശ്രീ. പി. കെ. ഗോവിന്ദപ്പിള്ള, ബി. എ. എൽ.)

ശ്രീമത്തായ് നവ്യസൌരഭ്യമധുമണമൊഴുകും ഗദ്യപദ്യപ്രസൂന-
സ്തോമത്താൽരമ്യമായിസ്സുഖനിനദരസജ്ഞാളിയാൽ സേവ്യമായി
കാമം താപാപഹർത്തൃത്തനലതുളി ജഗൽക്ഷേമമവ്യാഹതം ചേ-
ർത്താമട്ടെന്നും ജയിക്കു സകലശിവകരം സാഹിതീപാരിജാതം!!

—o—

## സയൻസിനോടുള്ള നമ്മുടെ കടപ്പാട്.

[ശ്രീ. പി. എൻ. മൂസ്സത്, ബി. എ, എൽ. ടി.]

സയൻസിനോട് മനുഷ്യലോകത്തിനുള്ള കടപ്പാട് എത്രയോ വമ്പിച്ചതാണ്. ഗതാഗതത്തിലും മററു ജീവിതവൃത്തികളിലും സയൻസിൻെറ ഹസ്താവലംബംനിമിത്തം സുഖസൌകര്യങ്ങൾ സീമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നു സർവ്വർക്കും അറിയാം. എന്നാൽ ജീവിതത്തിനാസ്പദമായ ആരോഗ്യപരിപാലനത്തിനും രോഗനിവാരണത്തിനും ശാസ്ത്രത്തിൻെറ നൂതനദർശനങ്ങൾ എത്രത്തോളം പ്രയോജകീഭവിച്ചിട്ടുണ്ടെന്ന് ചിന്തിച്ചാൽ ആർക്കും വിസ്മയം ജനിക്കാതിരിക്കയില്ല. 18-ാംനൂററാണ്ടിൻെറ അന്ത്യഘട്ടംവരെ "ബാക്ടീരിയ" എന്നുപറയുന്ന രോഗബീജങ്ങളെക്കുറിച്ച് ജനങ്ങൾക്ക പരിജ്ഞാനമുണ്ടായിരുന്നില്ല. അതുകൊണ്ട് അനേകം രോഗങ്ങളുടെ കാരണങ്ങൾ അജ്ഞാതമായിത്തന്നെയിരുന്നു. തന്മൂലം അവയ്ക്കുള്ള ചികിത്സകളും വിജയകരമായിരുന്നില്ല. രോഗങ്ങൾ പരത്തുന്നതിൽ കൊതു, മൂട്ട, ഈച്ച എന്നിവ വഹിക്കുന്ന പങ്കിനെക്കുറിച്ചോ, ദേഹാന്തർഗ്ഗതങ്ങളായ "തൈറോയിഡ്" മുതലായ ഗ്രന്ഥികളുടെ വ്യാപാരത്തെക്കുറിച്ചോ, ഭക്ഷണസാധനങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട "വൈററാമിൻസ്" എന്ന ജീവകങ്ങളെക്കുറിച്ചോ മററാ പുരാതനകാലത്തെ ജനങ്ങൾ ഗ്രഹിച്ചിരുന്നുവോ എന്നു സംശയമാണ്. പുതിയ കണ്ടുപിടിത്തങ്ങൾനിമിത്തം ശസ്ത്രക്രിയയിലും രോഗചികിത്സയിലും വലിയ പരിവർത്തനങ്ങൾ വന്നുചേർന്നു. വേദനയില്ലാത്തമട്ടിൽ ശസ്ത്രക്രിയ നടത്തുവാനുള്ള ഔഷധങ്ങൾ കണ്ടുപിടിച്ചതു രോഗികൾക്ക വലിയൊരനുഗ്രഹമായിത്തീർന്നു.

ശസ്ത്രക്രിയ നടത്തേണ്ടുന്ന ഭാഗത്തെ മരവിപ്പിക്കുന്നതിനുപയോഗിക്കുന്ന ദ്രവ്യങ്ങൾക്ക് "അനീസ്തെറ്റിക്സ്" [Anaesthetics] എന്നു പറയുന്നു. 1842-ൽ സേർ ഹംഫ്രിഡേവി, പല്ലുപറിക്കുമ്പോഴുള്ള വേദനയറിയാതിരിക്കാൻ നൈട്രസ്സ് ഓക്സൈഡ് [Nitrous Oxide] എന്ന ദ്രവ്യം ഉപയോഗിച്ചു. ആ കാലത്തുതന്നെ ദ്രവീകൃതമായ ഈതർ(Liquide her) എന്ന പദാർത്ഥവും ഇതേ ആവശ്യത്തിന്ന് ഉപയോഗിച്ചിരുന്നു. എതൈൽ ക്ലോറൈഡ്, കൊക്കെയിൻ (Ethyl Chelride, Cccaine) എന്നിവയും വേദനാഹരങ്ങളാണ്. 1847-ൽ Sir James Simpson എന്ന ശാസ്ത്രജ്ഞൻ കണ്ടുപിടിച്ച ക്ലോറോഫോറം ശസ്ത്രക്രിയയിൽ രോഗികൾക്കു വലിയൊരനുഗ്രഹമാകുന്നു. ക്ലോറോഫോറംകൊണ്ടു രോഗിയെ ബോധരഹിതനാക്കിയശേഷമാണ് വലിയ ശസ്ത്രക്രിയകൾ നടത്തുന്നതു്. വേദനാഹരങ്ങളെന്നു മുൻപറഞ്ഞ ദ്രവ്യങ്ങൾ രോഗിയെ ബോധരഹിതനാക്കാതെ ശരീരത്തിലെ ചില ഭാഗങ്ങളെമാത്രം മരവിപ്പിക്കുന്നതേയുള്ളു.

ബാക്ടീരിയാവിജ്ഞാനത്തിന്റെ അടിപ്പടവുകൾ കെട്ടിയുറപ്പിച്ചതു് പാസ്ചർ, ലിസ്റ്റർ എന്ന ശാസ്ത്രജ്ഞന്മാരാണ്. മനുഷ്യലോകം ഈ രണ്ടു ശാസ്ത്രജ്ഞന്മാരോടു എത്രയാണ് കടപ്പെട്ടിട്ടുള്ളതെന്നു പറവാൻ പ്രയാസം. ഇവരിൽ ലൂയിപാസ്ചർ പരന്ത്രീസ്സുകാരനായ ഒരു തോൽപ്പണിക്കാരന്റെ പുത്രനായി 1822 ഡിസംബർ 27-ാംനു- ജനിച്ചു. ചിന്താശീലവും ഭാവനാവൈഭവവും ചെറുപ്പംമുതല്ക്കേ പാസ്ചരുടെ പ്രത്യേകതകളായിരുന്നു. 1857, 1888 എന്നീ കൊല്ലങ്ങൾക്കിടയിലായിരുന്നു പാസ്ചർ തന്റെ ബാക്ടീരിയാ ഗവേഷണങ്ങളിൽ അധികഭാഗവും നടത്തിയതു്. 1895-ൽ ഈ മഹാശാസ്ത്രജ്ഞൻ മരിക്കുകയും പാരീസ്സിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. "ബാക്ടീരിയാ" എന്നുപറയുന്ന രോഗഹേതുക്കളായ അണുജീവികളെക്കുറിച്ച് നിശ്ചിതങ്ങളായ വിവരങ്ങൾ ലോകത്തിന്നു നല്കിയതു പാസ്ചറാണ്. ഓരോവിധം രോഗത്തിന്ന് ഹേതുഭൂതമായ ഓരോ പ്രത്യേകതരം രോഗാണുക്കളുണ്ടെന്നദ്ദേഹം കണ്ടുപിടിക്കയും അവയ്ക്കുള്ള നിവാരണോപായം നിർദ്ദേശിക്കയും ചെയ്തു. പട്ടുനൂൽപ്പുഴുക്കൾക്കുണ്ടാവുന്ന ഒരുതരം വ്യാധിയെക്കുറിച്ച് പാസ്ചർ നടത്തിയ പരിശോധനകളിൽനിന്നു ഒരു പ്രത്യേകതരം അണുവാണതിന്നു കാരണമെന്നദ്ദേഹത്തിന്നു മനസ്സിലായി. പിന്നെ ആടുകളുടെ ഇടയിൽ ഉണ്ടാകാറുള്ള "Anthrax" എന്ന രോഗത്തിന്റെ ഹേതു കണ്ടുപിടിക്കുവാനദ്ദേഹം ശ്രമിച്ചു ഈ രോഗം ഒരു പ്രത്യേകതരം ബാക്ടീരിയമാണുണ്ടാക്കുന്നതെന്നു കണ്ടുപിടിച്ചശേഷം അതിന്റെ നിവാരണത്തിനുപററിയ ഒരു കുത്തിവെപ്പ് (Ii cculation) അദ്ദേഹം ഏർപ്പെടുത്തി. ഇങ്ങിനെ കുത്തിവെയ്ക്കുന്ന ദ്രവ്യത്തിന്ന് വാക്സിൻ (Vaccire) എന്നു പറയുന്നു. വിഷൂചിക, പ്ലേഗ് മുതലായ പല രോഗങ്ങളിലും ഇപ്പോൾ ഇങ്ങനെ കുത്തിവെപ്പ് നടത്തിവരുന്നു. കുത്തിവെപ്പിനുപയോഗിക്കുന്ന വാക്സിനും മററു ദ്രവ്യങ്ങൾക്കും "ആന്റിടോക്സിൻസ്" (Artitoxins) എന്ന സാമാന്യസംജ്ഞ നല്കിയിരിക്കുന്നു. പാസ്ചർക്കു മുമ്പുതന്നെ ബാക്ടീരിയാതത്വം അറിയാതെയാണെങ്കിലും "എഡ്വേർഡ് ജെന്നർ" എന്ന ഒരാംഗലവൈദ്യൻ ഗോവസൂരി കീറിവെക്കുന്നതു വസൂരിയെ തടുക്കുവാൻ പര്യാപ്തമാണെന്നു കണ്ടുപിടിച്ചു. തല്ക്കാലം ഇംഗ്ലീഷുകാർ ഇതു വകവെച്ചില്ലെങ്കിലും, ജർമ്മനിയിൽ ഇതു നിർബ്ബന്ധമാക്കുകയും വസൂരികൊണ്ടുള്ള മരണം വളരെ ചുരുങ്ങുകയും ചെയ്തു. പിന്നെയാണ് ഇംഗ്ലണ്ടിൽ വസൂരി കീറിവെക്കൽ നടപ്പായതു്. ജെന്നരുടെ ഈ കണ്ടുപിടുത്തമാണ് പാസ്ചർക്കു മാർഗ്ഗദർശനം ചെയ്തതു്. കുത്തിവെപ്പുകൊണ്ടു വസൂരി തടയാമെങ്കിൽ മററു രോഗങ്ങളെയും ഇതുകൊണ്ടു പരിഹരിച്ചുകൂടയോ എന്നായി പാസ്ചരുടെ ചിന്താവിഷയം. ആന്ത്രാക്സ് എന്ന രോഗത്തിലും ഭ്രാന്തൻനായ കടിച്ചുണ്ടാവുന്ന "ജലഭയ" രോഗത്തിലും അദ്ദേഹത്തിന്റെ കുത്തിവെപ്പുകൾ വളരെ ഫലപ്രദമായി. ഇതിനുപററിയ ദ്രവ്യങ്ങൾ അദ്ദേഹംതന്നെ നിർമ്മിച്ചവയാണ്. ഏതു രോഗത്തെ നിരോധിക്കണമോ അതു് ലഘുവായ രൂപത്തിൽ ശരീരത്തിൽ ഉണ്ടാക്കിത്തീർക്കുകയാണ് കുത്തിവെപ്പുകൊണ്ടു ചെയ്യുന്നതു്. അപ്പോൾ ശരീരത്തിലെ ശ്വേതാണുക്കൾ (White Corpuscles) ശരീരത്തിൽ കടത്തിവിട്ട ആ രോഗാണുക്കളെ എതിർത്തു നശിപ്പിക്കയും ഈ വിജയംനിമിത്തം പ്രബലങ്ങളായിത്തീരുകയും ചെയ്യുന്നു. പിന്നെ വന്നുചേരുന്ന രോഗാണുക്കളെ സംഹരിക്കുന്നതിന്ന് അവയ്ക്കു പ്രയാസമുണ്ടാകയില്ല. പാസ്ചരുടെ ഒന്നിച്ച് ഈ ഗവേഷണത്തിൽ പരിശ്രമിച്ച മറെറാരു ശാസ്ത്രജ്ഞൻ മെട്ച്നിക്കോഫ് (Metchnikoff) എന്ന റഷ്യക്കാരനാണ്. ഫഗോസൈററ്സ് [Phagocytes] എന്നു പറയുന്ന രക്തത്തിലെ ശ്വേതാണുക്കളെ കണ്ടുപിടിച്ചതിദ്ദേഹമായിരുന്നു.

രോഗഹേതുക്കളായ മൈക്രോബുകൾ പലമാതിരിയുണ്ട്. ജർമ്മൻശാസ്ത്രജ്ഞനായ കോക്ക് [Koch] ഇവയെ പരിശോധിച്ചു തരംതിരിച്ചിട്ടുണ്ട്. മൂന്നു മുഖ്യവിഭാഗങ്ങൾ മൈക്രോകോക്കി [Micrococci] ബാസില്ലി [Bacilli] സ്പിരില്ലാ [Spirilla] എന്നിവയാണ്. ഇവയിൽ മൈക്രോകോക്കി ഗോളാകൃതികളാണ്. ന്യൂമോണിയാ എന്ന ശ്വാസകോശരോഗത്തെ ജനിപ്പിക്കുന്ന ബാക്ടീരിയകൾ ഈ വർഗ്ഗത്തിൽ പെടുന്നു. ബാസില്ലി ദണ്ഡാകൃതിയിലുള്ളവയാണ്. ഇൻഫ്ളുവെൻസാ, ടൈഫോയിഡ്, കുഷ്ഠം, പ്ളേഗ് മുതലായ രോഗങ്ങളുണ്ടാക്കുന്നതു ഇത്തരം രോഗാണുക്കളാണ്. സ്പിരില്ല കമ്പിച്ചുരുൾപോലെയുള്ളവയാണ്. ഇവയ്ക്കൊരുദാഹരണം വിഷൂചികാബീജങ്ങളാണ്. കോക്ക് ഇതുപോലെ പലതരത്തിലുള്ള ബാക്ടീരിയകളെ പരിശോധിച്ചു തരംതിരിച്ചിട്ടുണ്ട്. രോഗബീജങ്ങളിൽ പലതും ഏകാണുകങ്ങളായ സൂക്ഷ്മസസ്യകണങ്ങളാണെങ്കിലും ചിലതു ജീവിവർഗ്ഗത്തിലുൾപ്പെട്ടവയായും കാണപ്പെടുന്നുണ്ട്. "ട്രൈപ്പാനോസോംസ്" [Trypansomes ] എന്നു പറയുന്ന രോഗാണു ഇങ്ങനെയുള്ളതാണ്. "Sleeping Sickness" എന്ന ഭയങ്കരരോഗത്തിനു കാരണമാണിതു്. ഇതിനെ വഹിച്ചുകൊണ്ടുപോകുന്നതു് "സെററ്സിഫ്ളൈ" [Tsetse fly] എന്ന ഒരുതരം പ്രാണിയാകുന്നു.

രോഗബീജങ്ങളെക്കുറിച്ചു ഗവേഷണം നടത്തിയ മറെറാരു ശാസ്ത്രജ്ഞൻ "ലിസ്റ്റർ" ആണെന്നു പറഞ്ഞുവല്ലൊ. ജോസഫ് ലിസ്റ്റർ 1827-ൽ ഇംഗ്ലണ്ടിൽ ജനിച്ചു. ശസ്ത്രക്രിയകളിൽ രക്തത്തിൽ വിഷബീജങ്ങൾ കടന്നുകൂടി മരിക്കുന്നവരുടെ സംഖ്യ ആ കാലത്തു വളരെ അധികമായിരുന്നു. ഗ്ലാസ്ഗോസർവ്വകലാശാലയിൽ ശസ്ത്രക്രിയാപ്രൊഫസറായിരുന്ന ലിസ്റ്റർ ഇതിനൊരു നിവാരണം കണ്ടുപിടിക്കണമെന്നുദ്ദേശിച്ചു, മുറികളിൽ കടന്നുകൂടുന്ന രോഗാണുക്കളാണ് മരണകാരണമെന്നദ്ദേഹം ഊഹിച്ചു. രോഗിക്കു ഹാനിക്കുടാതെ, ഈ രോഗാണുക്കളെ നശിപ്പിക്കുന്നതെങ്ങിനെ എന്നായി അദ്ദേഹത്തിന്റെ ചിന്താവിഷയം. ഒടുവിൽ അദ്ദേഹം വിഷാണുസംഹാരകമായി "കാർബോളിക്ക് ആസിഡ്" എന്ന ദ്രവ്യം ഉപയോഗിച്ചുനോക്കി. അതുനിമിത്തം പല രോഗികളും മരിക്കാതെ രക്ഷപ്പെട്ടുതുടങ്ങി. ഇന്നു ഈ വിഷയത്തിൽ എത്രയോ പുരോഗതി ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ശസ്ത്രക്രിയാവസരങ്ങളിൽ ഒരുവിധത്തിലും ബാക്ടീരിയ രോഗിയുടെ ദേഹത്തിൽ കടന്നുകൂടാതിരിക്കാൻ എത്രയോ മുൻകരുതലുകൾ ചെയ്തുവരുന്നു. ശസ്ത്രക്രിയക്കുപയോഗിക്കുന്ന സർവ്വ ഉപകരണങ്ങളെയും ബാക്ടീരിയാഹീനങ്ങളാക്കുന്നു. ശസ്ത്രക്രിയാകർത്താവിന്റെ കൈകളിൽനിന്നോ ശ്വാസത്തിൽനിന്നോ ബാക്ടീരിയകൾ രോഗിയിൽ കടന്നുകൂടാതിരിപ്പാനും വേണ്ട മുൻകരുതലുകൾ ചെയ്യാറുണ്ട്.

ബാക്ടീരിയാവിജ്ഞാനം പുരാതനഭാരതീയർക്കുണ്ടായിരുന്നുവോ എന്നു ചിലർക്കു സംശയം തോന്നാം. ആയുർവ്വേദത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭൂതവിദ്യതന്നെ പാശ്ചാത്യരുടെ മൈക്രോബ് സിദ്ധാന്തമെന്നു വൈദ്യവാചസ്പതി ശ്രീമാൻ വടക്കെപ്പാട്ടു നാരായണൻനായരവർകൾ തന്റെ "അണുഗ്രഹമീമാംസ"യെന്ന അമൂല്യഗ്രന്ഥത്തിൽ സയുക്തികം പ്രതിപാദിച്ചിട്ടുണ്ട്. ഗ്രന്ഥാരംഭത്തിലെ ശ്ലോകംതന്നെ ഈ വസ്തുതയെ ഉൽബോധിപ്പിക്കുന്നതാണ്.

"ജയത്യഹോ രൌദ്രമനന്തരൂപചി-
ജ്ജുഡാഭയാണൂപഹിതം മഹന്മഹഃ
ത്രിദോഷരോഗാണുപിശാചരാക്ഷസ-
ഗ്രഹാദിരൂപേണ വികല്പിതാകൃതി:"

ജിജ്ഞാസുക്കൾ ആ ഗ്രന്ഥം സശ്രദ്ധം വായിക്കുന്നതു നന്നായിരിക്കും. സയൻസിന്റെ മറെറാരനുഗ്രഹം ദേഹാന്തർഗ്ഗതങ്ങളായ ഗ്രന്ഥികളെ [Glands] ക്കുറിച്ചു അതു നമുക്കു സമ്പാദിച്ചുതന്നിട്ടുള്ള അറിവാകുന്നു. ദേഹത്തിന്റെ ആരോഗ്യവുമായി ഈ ഗ്രന്ഥികൾക്കു വലിയ ബന്ധമുണ്ട്. ഗ്രന്ഥികളിൽനിന്നു ചില ദ്രാവകങ്ങൾ നിസ്സരിക്കുന്ന ശരീരത്തിലെ അന്തരിന്ദ്രിയങ്ങളുടെ പ്രവർത്തനത്തിനു ഈ ദ്രാവകങ്ങൾ അത്യാവശ്യങ്ങളാണ്. ആമാശയഗ്രന്ഥികളിൽനിന്നു ദഹനദ്രാവകവും പിത്താശയത്തിൽനിന്നു പിത്തജലവും നിസ്സരിക്കുന്നു. പിത്താശയത്തിൽനിന്നു പിത്തജലത്തിനുപുറമെ "ഗ്ളൈക്കോജൻ" [Glyccgen] എന്ന ഒരു പദാർത്ഥവും ഉത്ഭവിക്കുന്നുണ്ട്. ഈ ദ്രവ്യം പിത്താശയത്തിൽ ധാരാളമുണ്ടെങ്കിൽ മാത്രമേ നമുക്കു നമ്മുടെ പ്രവൃത്തി നന്നായി ചെയ്യാൻ സാധിക്കൂ. എന്നാൽ ചില ഗ്രന്ഥികളിലെ ദ്രാവകങ്ങൾ നേരിട്ടു രക്തത്തിലേക്കു പ്രവഹിക്കുന്നുണ്ട്. ഗ്രന്ഥികളിലെ രക്തനാഡികളിൽകൂടിയാണു ഇങ്ങനെ അവ രക്തത്തിൽ ചേരുന്നതു്. ഇത്തരം ദ്രാവകങ്ങൾക്കു "ഹാർമ്മോൺസ്" [Hormones] എന്നുപറയുന്നു. ശരീരാരോഗ്യത്തിനു ഇവ അത്യന്തം പ്രധാനങ്ങളത്രെ. ഈ ദ്രാവകങ്ങളുടെ വൈരള്യം പല രോഗങ്ങൾക്കും കാരണമാകുന്നു. ക്ലോമം [Pancreas] എന്ന അവയവത്തിൽനിന്നുള്ള ദ്രാവകം ഇങ്ങനെ ചുരങ്ങിപ്പിക്കുന്നതാണ്

പ്രമേഹത്തിന്നുള്ള കാരണമെന്നു അഭിജ്ഞന്മാർ പറയുന്നു. ദേഹത്തിൽ ലയിച്ചുചേരേണ്ട പഞ്ചസാര, ഇതുനിമിത്തം മൂത്രത്തിൽക്കൂടി വിസർജ്ജിക്കപ്പെടുന്നു. ഇതിന്റെ നിവാരണത്തിനായി ഇപ്പോൾ വൈദ്യന്മാർ മൃഗങ്ങളുടെ ക്ലോമങ്ങളിൽനിന്നു ഒരുതരം ദ്രാവകം ശേഖരിച്ചു പ്രമേഹരോഗികൾക്കു കുത്തിവെച്ചുവരുന്നു. ഈ ഹോർമോണിന്നു അവർ "ഇൻസുലിൻ" [Insulin] എന്നു സംജ്ഞ നല്കിയിരിക്കുന്നു. മനുഷ്യരുടെ തൊണ്ടക്കുഴിയുടെ സമീപത്തുള്ള ഒരു ഗ്രന്ഥിയാണു "തൈറോയിഡ് ഗ്രന്ഥി" [Thyroid gland]. ഇതിൽനിന്നുള്ള ദ്രാവകത്തിന്നു കുറവുണ്ടായാൽ ആൾ കുള്ളനാവുകയും ശരീരം പൂർണ്ണമായ വളർച്ചയും പുഷ്ടിയും ഇല്ലാത്തതാവുകയും ചെയ്യും. ഇതുപോലെതന്നെ പിറ്റ്യൂട്ടറി [Pituitary] പീനിയൽ [Pineal] മുതലായ മററു ഗ്രന്ഥികളിലെ ഹോർമോണുകളും ശരീരാരോഗ്യത്തെ നിലനിർത്തുവാൻ പര്യാപ്തങ്ങളാണ്. ഹോർമോണുകളുടെ കുറവുപോലെ ആധിക്യവും അനാരോഗ്യകരമാണ്. ഗാന്ധിനിർവ്വാണത്തിൽ ശ്രീമാൻ വടക്കേക്കൂട്ടു നാരായണൻനായരവർകൾ എഴുതിയിട്ടുള്ള ഒരു ശ്ലോകം ഈ ഘട്ടത്തിൽ സ്മൃതിയുടെ മുമ്പിൽ വന്നുനില്ക്കുന്നു. സമയോഗമാണു പ്രകൃതി കാംക്ഷിക്കുന്നതെന്നദ്ദേഹം എത്രഭംഗിയായി വർണ്ണിച്ചിരിക്കുന്നുവെന്നു നോക്കുക.

"അതിവർഷമകാലവർഷണം
ജലദേഭിവനദേപിനേഷ്യതേ
നിയതിഃ സമയോഗകാംക്ഷിണീ
നഖലുവ്യക്തിവിശേഷമീക്ഷതേ."

ഗ്രന്ഥികളിലെ ദ്രാവകങ്ങളെക്കുറിച്ചും ഇതുതന്നെ പ്രകൃതിനിയമം. ആധിക്യന്യൂനതകൾ രണ്ടും അനർത്ഥകരമാണ്.

വൈദ്യശാസ്ത്രത്തിന്നു സയൻസു സമ്മാനിച്ചിട്ടുള്ള മറെറാരനുഗ്രഹം എക്സ്റേ ആകുന്നു. ജർമ്മൻകാരനായ റോൺജൻ [Rontgen] ആണു ഇതിന്റെ പ്രണേതാവ്. ഈ രശ്മികൾനിമിത്തം ദേഹത്തിലെ അന്തരവയവങ്ങളുടെ ഛായയെടുപ്പാൻ സാധിക്കുന്നു. അതുനിമിത്തം അവയുടെ ന്യൂനത മനസ്സിലാക്കുവാനും ചികിത്സിക്കുവാനും സാധ്യമാണ്.

ക്ഷയരോഗനിവാരണത്തിനിപ്പോൾ കുത്തിവെയ്ക്കാൻ ഉദ്ദേശിക്കുന്ന ബി.സി.ജി വാക്സിനെക്കുറിച്ചു പത്രങ്ങളിൽനിന്നു ചിലരെങ്കിലും ഗ്രഹിച്ചിരിക്കും. ഇതിന്റെ പ്രചാരത്തോടുകൂടി ക്ഷയരോഗംകൊണ്ടുള്ള മരണങ്ങൾ വളരെ കുറയുമെന്നാണു വിദഗ്ദ്ധാഭിപ്രായം. ഇങ്ങനെ അനുദിനം പുരോഗതിപ്രാപിച്ചുകൊണ്ടിരിക്കുന്ന സയൻസിന്റെ ദിവ്യാനുഗ്രഹങ്ങൾക്കു മനുഷ്യലോകം എന്നെന്നും അതിനോടു കടപ്പെട്ടിരിക്കുന്നു.

ശുഭം.

# വാസന്തി.

[ശ്രീ. വെമ്പ്ളിയസ്സ് ലക്ഷ്മണൻ നമ്പൂതിരിപ്പാട്]

ഹരിതദലവിലാസം തഞ്ചിയും, മേൽക്കുമേല-
ങ്കുരിതബലമൊടൊപ്പം വേണ്ടവണ്ണം പടന്നും
അരികിലുടയവൃക്ഷശ്രേഷ്ഠനെസ്സംശ്രയിച്ചും
പരിചെഴുമൊരുവല്ലിപ്പൂൺപിതാനിന്നിടുന്നു. 1

സുമനിലകലരാതേ ചാരുതേജസ്സിണങ്ങി-
ക്രമമൊടുവിളയാടുന്നിക്കുരുക്കുത്തിമുല്ല
സുമരുചിരമെന്തിക്കാമഹർഷോദയത്തെ-
സ്സമമരുൾവുനടുപ്രായത്തിലുള്ളാൾക്കുലോകേ. 2

പ്രകൃതിമഹിമകോലും നാഥഭൃത്യരൊട്ടുള്ളാ-
രക്തകകുതുകത്താലാകുമോ തത്സഖിശ്രീ
സ്വകൃതരസമുദിക്കും വണ്ണമീവല്ലിയിങ്കൽ-
സ്സകൃദഹ! ഹ! വസിച്ചീടുന്നുപണ്ടേയഥാർഹം. 3

സരസമധുവിനാലോ, മാധവൻ മൂലമോ, ഭാ-
സുരനവദശയാർന്നീവല്ലികാലാനുകൂലം
സുരഭിലസുമവും പൂമൊട്ടുമാത്മീയശുദ്ധി-
സ്ഫുരണനിലനിതാന്തം ചേർത്തുതീർത്തുല്ലസിപ്പൂ. 4

പ്രകടതരവളർക്ഷാഭിഖ്യപൂണ്ടുല്ലസിക്കും
വികചകുസുമസന്താനത്തിലെത്തുമമൂല്യം
അകപടമിതു നേടീസർവ്വലോകൈകവശ്യാ-
ത്മകമദനശരാളീമാതൃഭാവപ്രശസ്തി. 5

ശ്ലോകം 3 സകൃത് = എല്ലായ്പ്പോഴും [നിത്യം] എന്നോ സ്ഥിരം എന്നോ.

# രാമായണം.

[ശ്രീ. എടളത്തു ഗോപാലമേനോൻ, ബി. എ. എൽ. ടി.]

ഇത്രത്തോളം പഴക്കവും പ്രചാരവുമുള്ള മററു കഥ ഭാരതത്തിലുണ്ടോ എന്നു സംശയമാണ്. കുടിൽ തൊട്ടു കൊട്ടാരംവരെ ഒരു ഋഷിയെപ്പോലെ ആദരവ് അതിന്നുണ്ട്. എന്നാൽ അതിൻെറ പൊരുളും മാഹാത്മ്യവും പൂർത്തിയായി അറിഞ്ഞിട്ടുള്ളവർ വളരെ കുറവാണ്.

സമുദായത്തിൻെറ ഒരു സാമ്പ്രദായികകഥ എന്നമാത്രമല്ല അതിനെ വിചാരിക്കേണ്ടതു്.

"ഈശ്വരാനുഗ്രഹമില്ലാതവന്നാററാ
നശ്വരമാസ്വത്വം നിശ്ശേഷതവും"

എന്ന ആപ്തവാക്യത്തിൻെറ ഒരു വിപുലവ്യാഖ്യാനവും ഉദാഹരണവും ആണ് അതു്. സർവ്വദിക്കിലും ജയശക്തി പുകൾകൊണ്ടിരുന്ന ഒരു ദശമുഖൻ ഉണ്ടായി. അവൻ അഹങ്കാരിയായി സകലരെയും ശാസിക്കുകയാൽ രാവണൻ എന്ന പേരും നേടി; പ്രകൃതിശക്തികളെക്കൂടി കയ്യടക്കംചെയ്തു വലിയ ഇന്ദ്രജാലക്കാരനും ആയി; ശുഭമുഹൂർത്തങ്ങൾ വരുത്തുവാൻ ഗ്രഹങ്ങളെ ന്മാരെക്കൂടി ആവശ്യംപോലെ പിടിച്ചുനിർത്തി. അങ്ങിനെ, പൌരുഷത്തെക്കാൾ വലുതായ ഒരു ശക്തി തന്നെയില്ലെന്നുറച്ചുമദിച്ചു. എന്നുതന്നെയല്ല, "വ്യക്തിശക്തി എത്രയോ നിസ്സാരം; അതെല്ലാം ഒരു വെള്ളക്കുമളയുടെ പകിട്ടോളമെ ഉള്ളൂ. അതിൻെറ ഉള്ളിലൊന്നുമില്ല, നോക്കിക്കൊണ്ടിരിക്കവെ അതുടഞ്ഞു നശിക്കയും ചെയ്യും. അതിൻെറ ഉല്പത്തിവെള്ളത്തിൽ നിന്നു്; ലയവും വെള്ളത്തിൽതന്നെ; രൂപവും വെള്ളം തന്നെ; അതുപോലെ എല്ലാം ഈശ്വരൻ തന്നെ; ഈശ്വരവിലാസം തന്നെ." എന്നൊക്കെ വിചാരിച്ചു് തന്നെയും, സർവ്വസങ്കല്പത്തെയും, സർവ്വകർമ്മത്തെയും ഈശ്വരനിൽ സമർപ്പിക്കുന്ന ധന്യന്മാരെ അവൻ പലപ്രകാരത്തിലും ഉപദ്രവിക്കുകയും ചെയ്തു. ആ രാവണനു എന്തു പററിയെന്നും, വിവേകവും വിനയവും വിളങ്ങിയിരുന്ന ധന്യന്മാർക്കു് എന്തു ലഭിച്ചുവെന്നും അനുഭവപാഠമാക്കിപ്പറയുന്നു രാമായണം.

രാവണൻ പരദ്രോഹിയായിരുന്നല്ലോ. പരൻ എന്നാൻ ഭക്തൻ എന്ന അർത്ഥമെ ഇവിടെ എടുക്കേണ്ടു. അവൻെറ അക്രമം മൂത്തു് അവൻ പരമാത്മാവു് അവതാരം എടുത്ത ശ്രീരാമൻെറ ഭാര്യ സീതയെ ഭയപ്പെടുത്തി അപഹരിച്ചുകൊണ്ടുപോവുകവരെഎത്തി. സതികൾക്ക് ഭർത്താവിൻെറ വേർപ്പാടു മരണതുല്യംതന്നെ. ഇതിൽപരം ഒരു കൊടുങ്കയ്യ് രാവണൻ ചെയ്യേ

---

ഖലമധുപസമൂഹത്തിന്നബന്ധം നിസ്സങ്ഗാ-
മലതതടവിനില്ലെത്തന്നിലില്ലെന്നുകാട്ടി
വിലയൊടു വിലസുന്നീ മാധവീവല്ലിവായ്ക്കും
സുലഭരുചിവിശേഷാൽ സജ്ജനശ്ലാഘ്യയല്ലോ. 6

ഭ്രമര! തവ വപുസ്സും ശീലവും പാരിടത്തിൽ
സമമസിതനിറം കൈക്കൊൾകയാൽ നീചനാം നീ
അമലിവരുവതോർത്താചാരുവാസന്തിയോട-
ല്ലമമധുരുചിയാചിച്ചൊട്ടടുക്കാത്തതിന്നും. 7

ശരി, ശരി പലമട്ടിൽക്കാണുവോരന്യപുഷ്പ-
പ്പരിഷയിലെ രസത്താൽ നിത്യസംതൃപ്തിനിന്നിൽ
അരിയപുതുമപോലുണ്ടായി, നീ വിട്ടതാകാം
പരിമളഭരമുള്ളീ വള്ളിയെച്ചുണ്ടിപണ്ടേ. 8

പുതിയകുസുമലക്ഷ്മീവൈഭവം ദൈവദത്തം
പതിവിലുടലിലേന്തിക്കാമ്യമായുള്ളമല്ലേ!
മതിമതി "ഫല"മില്ലാതുള്ളനിൻ പൊങ്ങൽ, വൃക്ഷ-
സ്ഥിതിയുമിതിനിണങ്ങില്ലെന്നു ബോധിക്കണം നീ. 9

നീയാവും വിധമുണ്ണരൽമിഹതിയേ-
ററന്നും പരാനന്ദദ-
ച്ഛായാബന്ധമുപാന്തഭ്രമിയിൽ വരു-
ത്തിക്കൊണ്ടസമാന്യയായ്
ആയാസേതരമഹ്ഭാവമൊടിളം-
കാററിൻെറ നാനാവിധ-
ശ്രീയാകീർണ്ണരസാദയത്തെ രുചിപോ-
ലേന്തിജ്ജയിക്കുചിരം. 10

---

ണ്ടതില്ല. അതിന്റെ ഫലമായി രാവണന്റെ ശരീരം അടക്കളത്തിലെ കഴുകന്മാർക്കിരയാകേണ്ടിവന്നു.

എന്നാൽ, ഏതോ ഒരു കുരങ്ങൻ ഭഗവാനെ ഉപചരിച്ചു; തന്മൂലം നിർമ്മുക്തനും ആയി. അത്രയുമല്ല, ആ ഹനുമാൻ ഭക്തശിരോമണിയായി രാമചരിതാമൃതസാഗരത്തിൽ എന്നും ആറാടിക്കൊണ്ടും ഇരിക്കുന്നു. തേരാളിയായ കൃഷ്ണന്റെ ഏകസഹായത്തോടുകൂടി കൌരവസൈന്യത്തെ നശിപ്പിച്ച അർജ്ജുനനാണ് പുരാണവീഥിയിൽ ഹനുമാന്റെ സമൻ. കുരങ്ങൻ എന്നു പറഞ്ഞതുകൊണ്ട് ഹനുമാൻ "ശുദ്ധമരംചാടി"യാണെന്നു വിചാരിക്കേണ്ട. ആഹാരം വംശത്തോടെ കായ്കനിയായതിനാൽ "മരംകേറി"യായിരുന്നുവെന്നതു വാസ്തവം. അത്രയുമല്ല = 'കു'-'രംഗം' എന്ന് പദം വിഭജിക്കുന്നതായാൽ ആര്യന്മാരുടെ രംഗങ്ങളിൽ സാധാരണ പ്രവേശനമില്ലാത്തവൻ എന്നും അർത്ഥം 'കുരങ്ങന്' കല്പിക്കാം. സുഗ്രീവൻ എന്ന മറ്റൊരു കുരങ്ങനു ഭഗവാനെ ഉപചരിച്ചതുകൊണ്ട് ശത്രുനാശം വരികയും, രാജപട്ടംകിട്ടുകയും ചെയ്തു. ഈശ്വരാധീനം കൊണ്ട് ഐഹികശ്രേയസ്സും മോക്ഷവും കൈവരുന്നുവെന്ന് ഇങ്ങിനെ തെളിയിച്ചു.

അസുരന്മാരോട് ഈശ്വരനു എപ്പോഴും വിരോധമാണെന്നും അവർക്കു തിന്മയേ ചെയ്യുള്ളുവെന്നും വിചാരിക്കേണ്ട. വിഭീഷണൻ അസുരൻതന്നെ; രാവണകുംഭകർണ്ണാദികൾ നിന്ന പടലയിൽതന്നെ വളർന്നു. പക്ഷെ ഭക്തിമൂലം അവന്നും രാജപട്ടവും വിദേഹമുക്തിയും കിട്ടി.

ആദിത്യവംശത്തിൽപെട്ട ദശരഥന്നു ഭഗവാൻ ഔരസപുത്രനായി ജനിച്ചു. ജനകന്ന് മഹാലക്ഷ്മി ദത്തുപുത്രിയായും വന്നുചേർന്നു. ഇങ്ങിനെ ഭക്തന്മാരുടെ സർവ്വശാസനയ്ക്കും വിധേയമായി അവതരിച്ച ഭഗവാന്റെ ഭക്തവാത്സല്യത്തിന്നു ഇതിൽകവിഞ്ഞ ദൃഷ്ടാന്തം എന്താണു വേണ്ടതു്!.

ഇങ്ങിനെയൊക്കെയാണെങ്കിലും പ്രാകൃതന്മാർ രാമായണത്തിൽ അന്യായവും ആക്ഷേപവും ആണ് സർവ്വത്ര കാണുന്നതു്. ദശരഥന്നു പ്രായാധിക്യംവരെ സന്തതി ഉണ്ടായില്ല. ഒടുവിൽ ഉണ്ടായ ഓമനപ്പുത്രൻ കാടു കയറേണ്ടിയുംവന്നു. ഏറ്റവും ലാളിക്കപ്പെട്ടിരുന്ന കൈകയി തന്റെ ഹൃദയം തച്ചുടച്ചു തന്നെക്കൊന്നു. ജനകന്റെ ഓമനമകളും കാടുകയറി. അത്രയുമല്ല; ദുഷ്ടാഗ്രേസരനായ രാവണനാൽ അപഹരിക്കപ്പെടുകയും ചെയ്തു. ബലാധിക്യംകൊണ്ട് ബാലി എന്നു പ്രസിദ്ധി നേടിയ ഭക്തനു ചതിയിൽ മരണവും കൈവന്നു. സ്വഭാവവൈശിഷ്ട്യംകൂടിയ കൌസല്യയുടെ വിനയംമൂലം ആ സാധ്വിയുടെ കണ്ണിൽനിന്നു വെള്ളംവറ്റുകയും ഉണ്ടായില്ല ഈ അനിഷ്ടഫലങ്ങളും ഈശ്വരാധീനംതന്നെയാണോ?

മനുഷ്യാ, അല്പം ക്ഷമിക്കുക, കയററം എപ്പോഴും വാണംകയറുന്നതുപോലെ ചൊവ്വായേക്കില്ല. ദൂരദിക്കിലേക്കുള്ള ഒരു വാഹനയാത്രപോലെയോ, സമുദ്രത്തിലേക്കുള്ള ഒരു നദിയുടെ ഗതിപോലെയോ ആണ് അതു്. ചിലപ്പോൾ അരിച്ചുപോകും, ചിലപ്പോൾ കുതിച്ചുചാടും, ചിലപ്പോൾ എടത്തോട്ടുചായും, ചിലപ്പോൾ വലത്തോട്ടും മാറും, ചിലപ്പോൾ പിന്നോക്കം മടങ്ങും, എന്നിട്ട് അല്പം കഴിഞ്ഞാൽ ആഞ്ഞു ചാടുകയും ചെയ്യും. ചിലപ്പോൾ അന്തർവ്വാഹിനിയാവും, ചിലപ്പോൾ കര കവിഞ്ഞൊഴുകുകയുംചെയ്യും. എങ്ങിനെയായാലും ഒടുവിൽ ഉദ്ദേശസ്ഥലത്തുതന്നെ എത്തും. ജന്മത്തിന്റെ ഉദ്ദേശം ആദ്ധ്യാത്മികസംസ്കാരമാണ്. സുഖവും ദുഃഖവും അതിന്നു ഒരുപോലെ ആവശ്യമാണ്. സുഖവഴിക്ക് മാത്രം സാധിക്കുന്ന ഒന്നല്ല അതു്. ശരീരം എടുത്താൽ ഈ നിമ്നോന്നതാവസ്ഥകൾ പലതും തരണം ചെയ്യേണ്ടിവരും. രാമനായാലും, കൃഷ്ണനായാലും, രാമന്റെ അച്ഛനായാലും, കൃഷ്ണന്റെ മകനായാലും ഈ നിയമത്തെ ആദരിക്കാതെ നിവൃത്തിയില്ല മഹാലക്ഷ്മിയായ പാഞ്ചാലി എത്ര വട്ടംതിരിഞ്ഞു. ഇതാണ് എല്ലാ പുരാണങ്ങളുടെയും സാമാന്യപാഠം.

ഇതിഹാസങ്ങളും പുരാണങ്ങളും രചിച്ചിട്ടുള്ളതു് സാധാരണജനങ്ങളെ സമുദായനടവടികളിലും സദാചാരങ്ങളിലും പ്രബുദ്ധരാക്കുവാനാണ്. എന്നാൽ ആദ്ധ്യാത്മികതത്വങ്ങളെയും പഴത്തിൽ വിത്തെന്നപോലെ ഋഷിമാർ കൊള്ളിച്ചിട്ടുണ്ട്. കാലികളും പറവകളും വിത്തിനെ വിലവെയ്ക്കുന്നില്ല. എന്നാൽ കൃഷിവലന്മാർ വിത്തെടുത്ത് സൂക്ഷിക്കുകയും കാലം നോക്കി കൃഷി നടത്തുകയും ചെയ്യുന്നു. അതുപോലെ ബുദ്ധിമാന്മാരും തത്വങ്ങളെ ഇതിഹാസപുരാണങ്ങളിൽനിന്നു തേടിപ്പിടിച്ച് അവയെ ജീവിതചര്യയിൽ ഇണക്കി ജന്മസാഫല്യം നേടേണ്ടതാകുന്നു. രാമായണം ആദ്യവസാനം ആദ്ധ്യാത്മികരഹസ്യങ്ങളെ കഥാരൂപങ്ങളാക്കി വാർത്തുവെച്ചിട്ടുള്ള ഒരു കാഴ്ചബങ്ക്ളാവാകുന്നു. ഒരു കലാനിപുണന്നു അതു വളരെ മനോഹരവും അർത്ഥവത്തും തന്നെ ആയിരിക്കും.

രാമൻ മഹാവിഷ്ണുവിന്റെ അവതാരമാണ്. അ

ദൃശ്യമാണെങ്കിലും സർവ്വത്ര വ്യാപിച്ചിട്ടുള്ളതും സർവ്വപരിണാമങ്ങളെയും ഭരിച്ചുകൊണ്ടിരിക്കുന്നതും ആയ പരാശക്തിതന്നെയാണു വിഷ്ണു. പരമാണുവരെയുള്ള എല്ലാററിലും പ്രവേശിച്ച് അവയുടെ സ്ഥിതിഗതികളെ അദ്ദേഹം ഭരിക്കുന്നു. "വിശ്" എന്ന ധാതുവിന്നു പ്രവേശിക്കുകയെന്നാണ് അർത്ഥം. ആ ധാതുവിൽനിന്നാണു വിഷ്ണു എന്ന പദം വന്നത്. ലോകനാടകത്തിൻെറ ആ സൂത്രധാരൻ ചിലപ്പോൾ അസാമാന്യകാര്യങ്ങൾ നടത്തുവാനും ലോകർക്ക് മാതൃക കാണിച്ചുകൊടുക്കുവാനും ഉപാധികളോടുകൂടിമററുള്ളവരെപ്പോലെ അരങ്ങത്തു വരുന്നു. പൂർണ്ണനായ ഭഗവാൻ ഇങ്ങിനെ സ്ഥൂലശരീരം എടുത്തുവരുന്നതിനാണ് അവതാരം എന്നു പറയുന്നത്. അവതാരം എന്നുവച്ചാൽ അവ-കീഴ്പോട്ട്, അതായതു രൂപങ്ങളിലേക്ക്, തരണം ചെയ്യുക-അതായതു പകരുക, എന്നാണർത്ഥം. രാമൻ എന്നതിൽ 'രം' ശുദ്ധചൈതന്യത്തെ കുറിക്കുന്നു. 'രമ്' എന്നാൽ ഇണങ്ങിയിരുന്ന് ആനന്ദിക്കുക എന്നർത്ഥമാണ്. അപ്പോൾ രാമൻ എന്നതിന്നർത്ഥം ഈശ്വരൻ സ്വേച്ഛയാശരീരമെടുത്തുവന്നവൻ എന്നാണ്.

മഹാവിഷ്ണുവിന്നു സ്വതേ രൂപം ഇല്ലല്ലൊ. എന്നാൽ അദ്ദേഹത്തിൻെറ പ്രത്യേകവൈഭവങ്ങളെ അജ്ഞാനികളിൽ ഓർമ്മവരുത്തിക്കൊണ്ടിരിക്കുവാൻ ഒരു കല്പിതരൂപം മഹത്തുക്കൾ ഉണ്ടാക്കിവെച്ചിട്ടുണ്ട്. പരിണാമംകൊണ്ട് ഈശ്വരവിചാരം ഉദിക്കത്തക്കവണ്ണം മനസ്സ് വളർന്നവനാണ് മനുഷ്യൻ. അവനിൽ മീതെ ഉൽകൃഷ്ടത ഒരു ജീവിയും സമ്പാദിച്ചിട്ടില്ല. അതിനാൽ ആ മനുഷ്യരൂപത്തിൽതന്നെയാണ് അദൃശ്യതത്വങ്ങളായ ദേവന്മാരെ എപ്പോഴും ചിത്രീകരിക്കാറുള്ളത്. പ്രത്യേകയോഗ്യതകൾ വിശദമാക്കുവാൻ ചില മുദ്രകളും കൊടുക്കും. ആ കൂട്ടത്തിൽ പ്രധാനമായതു കിരീടമാണ്. അതു ഭരണാധികാരത്തിൻെറ പൊതുവിലുള്ള മുദ്രയാണ്. മനുഷ്യനിൽ മുകളിലുള്ളവർക്കെല്ലാം കിരീടം കല്പിക്കാറുണ്ട്. അപ്പോൾ എല്ലാവരിലും തലവനായ വിഷ്ണുവിനും കിരീടം കല്പിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലൊ. വിഷ്ണുവിൻെറ ധർമ്മം പരിപാലനമാണ്. ആഹാരാദികളെക്കൊണ്ടുള്ള ജീവികളുടെ രക്ഷ മൃഗീയജീവിതത്തിൽനിന്ന് ഉയരാത്തവർക്കു കാര്യമാണ്. അതു സാമാന്യേന പ്രകൃതിതന്നെ നിയന്ത്രിക്കുന്നുണ്ട്. ഭഗവാൻെറ പരിപാലനം മോക്ഷപരമാണ്. സദ്യോമുക്തിക്കുതന്നെ പര്യാപ്തമായ ഉപായങ്ങളെ ഉപദേശിപ്പാനും പ്രചരിപ്പിക്കുവാനും ആണ് ഭഗവാൻ അവതരിക്കുന്നത്. സദ്യോമുക്തിക്കുള്ള ഉപായങ്ങളാണു കർമ്മയോഗം, ഭക്തിയോഗം, രാജയോഗം, ജ്ഞാനയോഗം. ത്രിഗുണങ്ങളുടെ മിശ്രശക്തിയോടുകൂടിയാണ് ജീവികളുടെ ഘടന. മനുഷ്യനും ത്രിഗുണമിശ്രമാണ്. സാത്വികം മുമ്പിട്ടുനില്ക്കുന്നവൻ ബ്രാഹ്മണനും, സാത്വികത്തോടുകൂടിയ രജസ്സ് മുന്തിനില്ക്കുന്നവൻ ക്ഷത്രിയനും, രജസ്സോടുകൂടിയ തമസ്സ് മുന്തിനില്ക്കുന്നവൻ വൈശ്യനും, രജസ്സിനെ ഭരിച്ചുകൊണ്ടു തമസ്സ് കയറിനില്ക്കുന്നവൻ ശൂദ്രനും ആകുന്നു. ഈ നാലു ജാതിക്കാർക്കു ജീവിതവൃത്തികളെ വിദ്വാന്മാർ വെവ്വെറെ വിധിച്ചിട്ടുണ്ട്. ഒരു ഗുണം മാത്രമായ സൃഷ്ടിയുമില്ല; അതുപോലെ ഒരു വൃത്തിമാത്രമായ ജീവിതവും മനുഷ്യനില്ല. ഓരോരുത്തർക്കു കൂടുതൽ യോജിച്ചതും ആയിരിക്കും. കാമിയായ (വിഷയസുഖിയായ) ശൂദ്രനു വൈദികമായ കാമ്യകർമ്മങ്ങളെക്കൊണ്ടു സകല വിഭൂതികളും കൈവരുന്നു. പുരോഹിതവചനത്തിലുള്ള വിശ്വാസമേ അവന്നുവേണ്ടൂ. തനിക്കുവേണ്ടി പുരോഹിതൻ കർമ്മംകഴിച്ചാലും ഈശ്വരൻ സംതൃപ്തനാവും. ശൂദ്രരായ കർമ്മഠന്മാരെ സദാ അനുഗ്രഹിക്കുവാൻ സന്നദ്ധമാണെന്നതിൻെറ അടയാളമാണു ഭഗവാൻെറ വിഭൂതിസമൃദ്ധമായ ശ്രീചക്രം. രണ്ടാമത്തെ പത്മമാണു ഭക്തി. ഈശ്വരനിൽ ഉള്ള വലിയ ഭ്രമമാണ് ഭക്തി. അതിൻെറ പരമാവസ്ഥയിൽ താൻ തന്നെ മറക്കുന്നു തൻെറ മനസ്സ് ഈശ്വരനിൽലയിക്കുന്നു. താൻ ഈശ്വരൻെറ ഒരു ഭാഗമായിത്തീരുന്നു. അങ്ങിനെ ഭക്തനെ വരിക്കുന്നതിന്നുള്ള സന്നദ്ധതയെയാണ് മാലകാണിക്കുന്നത്. ഇതു ജപമാലയല്ല, വരണമാലയാണ്. മാലയ്ക്കുപകരം ചിലേടങ്ങളിൽ ഒരു താമരപ്പൂവും കാണുന്നുണ്ട്. അതും സങ്കേതാൽ വരണസന്നദ്ധതയെത്തന്നെ കാണിക്കുന്നു. വരണവും അനുഗ്രഹവും അർത്ഥാൽ ഒന്നുതന്നെ. അനുഗ്രഹഫലവും തൻെറസിദ്ധികളെ ഭക്തനു സ്വാധീനമാക്കി കൊടുക്കുകതന്നെയാണ്. മൂന്നാമത്തെ മുദ്ര ഭരണശക്തിയെ കാണിക്കുന്ന ഗദയാണു. വളയാത്ത ആ ഗദ വിട്ടുവീഴ്ചയില്ലാത്ത, അഥവാ ഉറച്ച നീതിചര്യയെ കാണിക്കുന്നു. ശരീരസുഖങ്ങൾ മോക്ഷപദ്ധതിയിൽ ഉത്തമശത്രുവായെ കരുതപ്പെടുന്നുള്ളു. ശരീരസുഖത്തിന്നുവേണ്ടി വ്യഭിചരിച്ചിരുന്ന മാനസികശക്തികളെ പ്രത്യാഹരിച്ചു കേന്ദ്രിച്ചു ഭഗവാങ്കൽ സമർപ്പിക്കുന്ന യോഗപദ്ധതിയെയാണു, ഗദ കുറിക്കുന്നത്. ജന്മഹേതുവായ പ്രാരബ്ധത്തെയും ഭാവി ജന്മങ്ങളുടെ വിത്തുകളായ സഞ്ചിതത്തെയും ത

# * എഴുന്നേൽക്കുക!

[ശ്രീ. അവിണിശ്ശേരി നാരായണൻനമ്പീശൻ.]

പൂതാനുരാഗിണീ, പൂമെത്ത വിട്ടുനീ,
വീതസന്ദേഹമെഴുന്നേററാലും!
സ്വാതന്ത്ര്യസൂര്യനുദിയ്ക്കുന്ന വേളയിൽ
സ്വാഗതമോതുക,യെൻെറ തങ്കം!!

സ്വാതന്ത്ര്യപ്പൊൻമുടിയോലുമിബ്ഭാരത-
മാതാവു പുഞ്ചിരിതൂകിടുമ്പോഠം;
ജാതിമതാദികളെല്ലാമിന്നേകമാം
ഭാവത്തിൽ പൂക്കളായ്ത്തീർന്നിടുമ്പോഠം;
ധർമ്മവും സത്യവും ശാന്തിയു, മൊത്തുചേ-
ർന്നിമ്മന്നിലെങ്ങും കതിരിടുമ്പോഠം;
പൂർണ്ണപ്രമോദം സമത്വത്തിൻ വല്ലികഠം
പുഷ്പങ്ങഠംകൊണ്ടു നിറഞ്ഞിടുമ്പോഠം;
ഓമനേ, നീയുറങ്ങീടരുതീവിധ-
മൊന്നുമറിഞ്ഞിടാതിന്നെൻ തങ്കം!

പൂതാനുരാഗിണീ, പൂമെത്തവിട്ടുനീ,
വീതസന്ദേഹമെഴുന്നേററാലു!
സ്വാതന്ത്ര്യസൂര്യനുദിയ്ക്കുന്ന വേളയിൽ
സ്വാഗതമോതുക, യെൻെറ തങ്കം!!

പാവനമോഹനസ്വാതന്ത്ര്യപ്പൂവനം
പൂകി, ക്കളിച്ചു നടക്കുവാനു;
ആദർശതന്ത്രികഠംമീട്ടിയനുക്ഷണം
ദേശീയഗാനങ്ങഠം പാടുവാനും,
ആനന്ദത്തേനാസ്വദിച്ചു മദിച്ചുകൊ-
ണ്ടാശാസപൂർവ്വം കഴിയുവാനും;
നിർമ്മലേ, നീയുറങ്ങിക്കിടന്നീടുമ്പോ-
ളെമ്മട്ടുസാധിയ്ക്കു; മെൻെറ തങ്കം?

പൂതാനുരാഗിണീ, പൂമെത്തവിട്ടുനീ;
വിതസന്ദേഹമെഴുന്നേററാലും!
സ്വാതന്ത്ര്യസൂര്യനുദിയ്ക്കുന്നവേളയിൽ
സ്വാഗതമോതുക, യെൻെറ തങ്കം...!!

(പകപ്പുവകാശം)

—o—

* 15-8-1947-ലെ സ്വാതന്ത്ര്യദിനം പ്രമാണി ച്ചെഴുതിയതു്.

---

ല്ലിപ്പൊടിച്ചു അഹങ്കാരത്തെ നിസ്തേജനാക്കുന്ന ഉപകരണമാണു ഗദ. അഹങ്കാരമെന്ന വികടവള്ളച്ച് നശിച്ചാൽ അവൻ ഈശ്വരൻതന്നെയായി. നാലാമതായി ജ്ഞാനയോഗത്തിൻെറ ചിഹ്നമാണു ശംഖ്. അതിൻെറ ശബ്ദം ശുദ്ധമായ നാദബ്രഹ്മത്തെകുറിക്കുന്നു. സൃഷ്ടിസ്ഥിതി ലയങ്ങളോടുകൂടിയ ഭൌതികലോകം പ്രപഞ്ചമാണു്. പ്രപഞ്ചങ്ങളുടെ ഉല്പത്തി നാദത്തിൽനിന്നാണു്. നാദം എന്നതു അവ്യക്തത്തിൽ ഉണ്ടാകുന്ന അലതല്ലൽ(Vibrations) മാത്രമാണു്. അവ്യക്തമെ നിത്യമുള്ളു. അലതല്ലലിൻെറ ഹേതു പരാശക്തിയാണു് ഇത്രത്തോളം ജ്ഞാനം ഉണ്ടാകുമ്പോഠം വ്യക്തിബോധമെല്ലാം അജ്ഞാനമാണെന്നും പ്രപഞ്ചങ്ങളെല്ലാം മനസ്സിൻെറ സ്വപ്നമാണെന്നും അറിയാറാവും. അപ്പോഠം എല്ലാം ഈശ്വരനാണെന്നും ബോദ്ധ്യമാവും. ഇതുതന്നെ അദ്വൈതവേദാന്തം. ഭഗവാൻ ജ്ഞാനിയെ അതുവരെ ഉയത്തുവാൻ സന്നദ്ധമാണെന്നതിൻെറ സങ്കേതമാണു ശംഖ്. ഇപ്രകാരമെല്ലാമുള്ള വൈഷ്ണവശക്തി തന്നെ രാമൻ.

(ബാക്കി അടുത്ത ലക്കത്തിൽ)

---


# ആവശ്യമുണ്ടു്.

ഒടുവു്, വി. സി. ഇവരുടെ കവിതകളും കവനകൌമുദി, വിദ്യാവിനോദിനി, രസികരഞ്ജിനി മുതലായ സാഹിത്യമാസികകളുടെ പഴയ വാല്യങ്ങളും വിലയ്ക്കു് എടുപ്പാൻ ഒരുക്കമുണ്ടു്.

കൂടുതൽ വിവരത്തിനെഴുതുക:—
പ്രയാർ ശങ്കരൻനമ്പൂതിരി,
A. O. & P. O. കോഴഞ്ചേരി,
തിരുവിതാംകൂർ.

# ഭാരതീയസംസ്കാരചൈതന്യം.

(ശ്രീമതി. പോട്ടയിൽ കമലാദേവി, ബി. എ.)

III

അന്നത്തെ ഭരണാധികാരികൾ കപ്പൽവ്യവസായത്തെ വളരെ പുഷ്ടിപ്പെടുത്തിയിരുന്നു എന്ന് R. K. മുക്കർജി പറയുന്നു. നാവികശാലകൾക്കനുസരിച്ച് (cabins) കപ്പലുകളെ സർവ്വമന്ദിര [Sarvamandira] മദ്ധ്യമന്ദിര, അഗ്രമന്ദിര എന്നിങ്ങിനെ മൂന്നാക്കി ഭാഗിച്ചിരുന്നു. ദീർഘയാത്രകൾക്കുള്ള കപ്പലുകൾ മൂന്നാമത്തെ ഇനത്തിൽ പെടുത്തിയിരുന്നു [Sarvamandira, Madhyamandira, Agramandira, സർവ്വമന്ദിര, മദ്ധ്യമന്ദിര അഗ്രമന്ദിര]. വാണിജ്യത്തിൽ പ്രധാനസ്ഥാനം ഇന്ത്യക്കു ലഭിക്കുവാനുള്ള മുഖ്യകാരണം ഈ വ്യവസായത്തിൽ അധികം ശ്രദ്ധചെലുത്തിയതുകൊണ്ടാണെന്നു തീരുമാനിക്കാം. അന്നു ഇരുമ്പുവ്യവസായവും വളരെ അഭിവൃദ്ധിപ്പെട്ടിരുന്നു. ഈ വ്യവസായത്തെ മുണ്ഡ, തീക്ഷ്ണ, കാന്ത (Munda, Tikshna, Kanta] എന്നിങ്ങനെ മൂന്നു ഭാഗമായി വേർതിരിച്ചിരുന്നു. ഇവയെ പിന്നെയും പല വിഭാഗങ്ങളാക്കി തരംതിരിക്കപ്പെട്ടിരുന്നു. വൈദ്യശാസ്ത്രത്തിലും മററു പലതിലും അന്നുതന്നെ ഭാരതീയസംസ്കാരം ഒന്നാംസ്ഥാനം അലങ്കരിച്ചിരുന്നു.

ഭാരതീയസംസ്കാരം പ്രജായത്തഭരണത്തെയാണ് കൈക്കൊണ്ടിരുന്നതെന്ന് അശോകരേഖകളെ അടിസ്ഥാനപ്പെടുത്തി പര്യാലോചിക്കുന്നതായാൽ മനസ്സിലാകുന്നതാണ്. ഭരണത്തിൻെറ അസ്ഥിവാരം കുടുംബമായിരുന്നു. കുടുംബങ്ങൾ ഒരുമിച്ചുചേർന്നു ഗ്രാമങ്ങളായും, ഗ്രാമങ്ങൾ ദേശങ്ങളായും, ദേശങ്ങൾ ഏകോപിച്ച് രാഷ്ട്രമായും തീർന്നു. മൌര്യഭരണ തന്നെ ഒന്നു ചർച്ചചെയ്യുകയാണെങ്കിൽ ജനങ്ങൾക്ക് "ഭരണത്തിൽ പ്രധാനാവകാശങ്ങൾ ഉണ്ടായിരുന്നു" എന്ന് മനസ്സിലാകുന്നുണ്ട്. സമിതികൾ രാജാവിനെ സഹായിച്ചിരുന്നു. ജനപ്രതിനിധിസഭകളിൽ രാഷ്ട്രീയാധികാരങ്ങളുടെ മർമ്മങ്ങൾ മുഴുവനും നിലനിന്നിരുന്നു. മഗാസ്തനീസിൻെറ "പ്രാചീനേന്ത്യ" എന്ന പുസ്തകത്തിൽ പ്രജകൾ രാജാവിനെ അർഹതയും പ്രാപ്തിയും അടിസ്ഥാനപ്പെടുത്തി തിരഞ്ഞെടുത്തിരുന്നു എന്നു പ്രസ്താവിക്കുന്നു. വൈദികകാലത്ത് രാജസ്ഥാനം പാരമ്പര്യമായിരുന്നുവെങ്കിലും വേണ്ടിവരുന്നസമയം ഭരണാധികാരിയെ തിരഞ്ഞെടുക്കുവാനുംജനങ്ങൾക്കധികാരമുണ്ടായിരുന്നുവെന്ന് Prof. zinner (സിന്നർ) പറയുന്നുണ്ട്. രാജ്യത്തിനും പ്രജകൾക്കും ഹാനികരമായവിധത്തിൽ ഭരണാധികാരി പ്രവർത്തിച്ചാൽ അദ്ദേഹത്തെസ്ഥാനഭ്രഷ്ടനാക്കുവാനുള്ള അധികാരം ജനപ്രതിനിധിസഭയ്ക്കുണ്ടായിരുന്നു. അതുമാതിരിതന്നെ രാജ്യരക്ഷക്കുവേണ്ടി ജാതിഭേദങ്ങളെ നോക്കാതെ ബലവാനായ ഒരാളെ തിരഞ്ഞെടുക്കുവാനും പ്രസ്തുത സഭയ്ക്കധികാരമുണ്ടായിരുന്നു. ബുദ്ധമതസംഘക്കാർക്ക് രാജ്യംകൊടുക്കുവാൻ തീർച്ചയാക്കിയപ്പോൾ മഹാനായ അശോകനെയുംകൂടി സിംഹാസനത്തിൽനിന്നു അവർ നീക്കംചെയ്തതും 7-ാംശതകത്തിൽ ശൂദ്രഗോപാലനെ ബങ്കാളിയിലെ രാജാവായി തിരഞ്ഞെടുത്തതും ചരിത്രത്തിലെപ്രധാനസംഭവങ്ങളാണ്. അന്നു ജനങ്ങളുടെ ക്ഷേമത്തിനനുസരിച്ച് രാജാവു രാജ്യം ഭരിച്ചുവന്നു. നികുതിപരിവിനും, വിദേശിയരുടെ സൌകര്യത്തിനും, നീതിന്യായപരിപാലനത്തിനുംവേണ്ടി പ്രത്യേകസഭകൾ ഉണ്ടായിരുന്നു എന്നു മൌര്യഭരണത്തെപ്പററിപറയുമ്പോൾ മഗസ്തനീസ് പ്രസ്താവിക്കുന്നുണ്ട്. ചുരുക്കിപ്പറയുന്നതായാൽ, ഭാരതീയർ ഭരണതന്ത്രജ്ഞന്മാരായിരുന്നുവെന്നും, അവരുടെഇടയിൽ സാമുദായികങ്ങളും രാഷ്ട്രീയങ്ങളുമായ പലതരം പരിഷ്കൃതസ്ഥാപനങ്ങൾ ഉണ്ടായിരുന്നുവെന്നും മനസ്സിലാക്കാം.

ഭാരതീയസംസ്കാരത്തെപ്പററി പ്രതിപാദിക്കുമ്പോൾ വിദേശിയർ നമ്മളെ അപഹസിക്കുന്നതായ "ജാതിഭേദ"ത്തെപ്പററി കുറച്ചെന്നു പറയാതെ നിവൃത്തിയില്ല. ജാതിഭേദംവൈദികകാലത്തുതന്നെ ഉത്ഭവിച്ചുവെങ്കിലും അതു കർമ്മഭേദത്തെമാത്രം ആസ്പദിച്ചായിരുന്നു. ജാതികൾക്കു ഉച്ചനീചത്വം കല്പിക്കുന്ന സമ്പ്രദായംഅന്നുണ്ടായിരുന്നില്ല. അക്കാലത്ത് അഭ്യന്തരകലഹങ്ങൾ അമർച്ചചെയ്യുവാനായി തൊഴിൽവിഭാഗംചെയ്ത് ഒരോരുത്തർക്ക് ഓരോ തൊഴിലുകൾ വ്യവസ്ഥപ്പെടുത്തി. രാജ്യരക്ഷക്കും, അഭ്യന്തരകലഹങ്ങളിൽനിന്ന് സമുദായത്തെരക്ഷിക്കുന്നതിനുംവേണ്ടി ദേഹബലവും തേജസ്സുമുള്ള കൂട്ടരെ തിരഞ്ഞെടുത്തു. ഇവരാണ് ക്ഷത്രിയന്മാർ. വിദ്യാഭ്യാസം നൽകുവാനും, നീതിന്യായപരിപാലനത്തിൽ ഉപദേശിപ്പാനുമായി ബുദ്ധിശക്തിയും ചിന്താശീലവും അധികമുള്ളവരെ തി

രഞ്ഞെടുത്തു. അവരാണ് ബ്രാഹ്മണർ. കൃഷി, വാണിജ്യം, വ്യവസായം ഈവക പ്രവൃത്തികൾ ചെയ്യുവാൻ കർമ്മകുശലന്മാരും, നയജ്ഞന്മാരുമായി മൂന്നാമതായി വൈശ്യരെയും തിരഞ്ഞെടുത്തു. ആര്യന്മാർക്കു കീഴടങ്ങിയവരും ശ്രുതിത്വത്തിലും പരിഷ്കാരത്തിലും താഴ്ന്ന നിലയിൽ സ്ഥിതിചെയ്തിരുന്നവരുമായ ശൂദ്രർ താഴ്ന്നതരം പണികൾ ചെയ്തുവന്നു. ഈ "ചാതുർവ്വർണ്ണ്യം" പൌരാണികകാലത്തു് ഭരണവ്യവസ്ഥയെ വളരെ സഹായിച്ചിരുന്നുവെന്നു മാത്രമല്ല, ഓരോരുത്തർക്കും അവരവരുടെ തൊഴിൽ ഉണ്ടായിരുന്നതുകൊണ്ട്, സമ്പൽസമൃദ്ധിയും, യോജിപ്പും ഉണ്ടാവുകയും ചെയ്തു. എന്നാൽ കാലക്രമത്തിൽ ഓരോരുത്തരും അവനവന്റെ കർമ്മങ്ങളിൽനിന്നു വ്യതിചലിക്കുവാൻതുടങ്ങിയതോടുകൂടി, അതു ജന്മഭേദപ്രധാനമായ ഒരു ദുഷിച്ച ഏർപ്പാടായി, ഈശ്വരസൃഷ്ടമായ ഒരു ദിവ്യസ്ഥാപനമായിത്തീർന്നു. ആദ്യം തൊഴിൽവിഭാഗത്തിന്മേൽ സ്ഥാപിതവും അർത്ഥശാസ്ത്രതത്വസ്പർശിയുമായിരുന്ന ആ ഏർപ്പാടു നശിച്ചു സാമുദായികജീവിതത്തിനും രാജ്യഭരണത്തിനും ദോഷകരമായ്ത്തീർന്നു. ബ്രാഹ്മണരുടെ സ്വാർത്ഥതൽപരതയും, ക്ഷത്രിയരുടെ ക്രമവിരോധമായ നടവടികളും അതിക്രമിച്ചപ്പോൾ അവയെ ഉടച്ചുവാർക്കുന്നതിന്നായി ബുദ്ധമതവും ജൈനമതവും ഉത്സാഹിച്ചു. നശിച്ചുപോയ ഹിന്ദുമതത്തെ ബുദ്ധൻ ഉടച്ചുവാർക്കുകയും, അതിനു തേജസ്സും ജീവനും നല്കി അതിനെ പരിഷ്കൃതമായ ഒരു അവാന്തരമതമാക്കിത്തീർക്കുകയും ചെയ്തു. ഇതു് ബ്രാഹ്മണേതരന്മാർക്കു് വാസ്തവത്തിൽ ഒരനുഗ്രഹമായ്ത്തീർന്നു. വൈദികകാലത്തു് സ്വാർത്ഥതല്പരമായ ഒരു ഏർപ്പാടായിരുന്നില്ല ജാതിഭേദം എന്നു്, അന്നത്തെ രാജാക്കന്മാരുടെ ചരിത്രംതന്നെ തെളിയിക്കുന്നുണ്ടു്. അവനവന്റെ ശക്തിക്കും യോഗ്യതയ്ക്കും അനുസരിച്ചു് ഓരോ സ്ഥാനങ്ങൾ ഓരോരുത്തരും കൈക്കൊണ്ടിരുന്നു. മൌര്യരാജാക്കന്മാരും, നന്ദരാജാക്കന്മാരും ക്ഷത്രിയന്മാരായിരുന്നില്ലല്ലോ. ഗുപ്തന്മാർ "കാരസ്കരജാട്ടവർഗ്ഗ"ത്തിൽപെട്ടവരായിരുന്നു. പാലരാജാക്കന്മാർ ശൂദ്രന്മാരും കനൌജിലെവർദ്ധനന്മാർ വൈശ്യന്മാരും ആയിരുന്നു. ഇതിൽനിന്നെല്ലാം തെളിയുന്നതു് അന്നു ജാതിഭേദത്തിനു ഉച്ചനീചത്വം കല്പിക്കപ്പെട്ടിരുന്നില്ലെന്നും യോഗ്യതക്കും ശക്തിക്കും അനുസരിച്ചു് ഓരോരുത്തരും വലിയ സ്ഥാനങ്ങൾ ഏറെറടുത്തിരുന്നു എന്നും ആകുന്നു.

ഹിന്ദുക്കളുടെ മനോഭാവത്തിലും, ധർമ്മനിഷ്ഠയിലുമാണ് ഭാരതീയസംസ്കാരത്തിന്റെ ചൈതന്യം നിലനില്ക്കുന്നതു്. ഹിന്ദുധർമ്മശാസ്ത്രങ്ങളും സ്മൃതികളും സത്യത്തിനും ധർമ്മത്തിന്നും പ്രാധാന്യം കല്പിക്കുന്നു. എല്ലാവരും അവനവന്റെ കർമ്മത്തിന്നനുസരിച്ചു് പ്രവർത്തിക്കുന്നു. സ്വധർമ്മം വെടിയുന്നവന്നു് ഇഹത്തിലും പരത്തിലും ഗതിയില്ലെന്നാണ് ഈ സ്മൃതികൾ ഘോഷിക്കുന്നതു്. ധർമ്മരഹിതമായി പ്രവർത്തിക്കുന്നവർ വിഡ്ഢികളും അയോഗ്യരും ആകുന്നു. ബന്ധുക്കളും മിത്രങ്ങളും നിറഞ്ഞ യുദ്ധഭൂമിയിൽ അവരുടെനേരെ ആയുധമെടുക്കുവാൻ മടിച്ചു് ഇതികർത്തവ്യതാമൂഢനായ് ക്ഷത്രിയധർമ്മത്തെ മറന്നുനിന്ന അർജ്ജുനനെ ഭഗവാൻ സമാധാനിപ്പിക്കുന്നതു നോക്കുക. (സ്വധർമ്മത്തിലേയ്ക്കു് പ്രേരിപ്പിക്കുന്നതു നോക്കുക)

"അഥചേത്ത്വമിമംധർമ്മ്യം-സംഗ്രാമംനകരിഷ്യസി
തതഃസ്വധർമ്മംകീർത്തിഞ്ച-ഹിത്വാപാപമവാപ്സ്യസി."

മരണത്തെക്കുറിച്ചു അവർക്കു യാതൊരു ഭയവുമില്ല. ആത്മാവിനു നാശമില്ല. പഴയവസ്ത്രം മാററി പുതിയതു സ്വീകരിക്കുന്നതുപോലെ ആത്മാവു് ഒരോ സമയത്തു പുതിയ ശരീരങ്ങൾ സ്വീകരിക്കുന്നു.

"വാസാംസിജീർണ്ണാനിയഥാവിഹായ
നവാനിഗൃഹ്ണാതിനരോപരാണി
തഥാശരീരാണിവിഹായജീർണ്ണാ-
ന്യന്യാനിസംയാതി നവാനിദേഹീ."

കാമക്രോധമദമോഹമാത്സര്യങ്ങൾ വിട്ടുകളയേണ്ടതു പുരുഷധർമ്മമാണ്. പരോപകാരത്തിൽ ആത്മാവിന്നു മോക്ഷംകിട്ടുന്നു. ഈശ്വരൻ സർവ്വവ്യാപിയും, ലോകംമുഴുവൻ അദ്ദേഹത്തിന്റെ വിലാസചേഷ്ടകളുടെ സങ്കേതസ്ഥാനവുമാകുന്നു. ഈ മഹനീയതത്വങ്ങൾ വിശ്വപാവനയായ ആർഷഭാരതത്തിലല്ലാതെ വേറെ എവിടെയാണു സ്ഥിതിചെയ്യുന്നതു്? ത്യാഗമോഹനമായ ജീവിതമാണു നമ്മുടെ ലക്ഷ്യം. പരിപാവനമായ ഈ അത്യുന്നതസംസ്കാരം എല്ലാംകൊണ്ടും ശോഭയേറിയ ഒരു അനർഘരത്നമായിത്തീരുവാനുള്ള കാരണവും അതുതന്നെയാണ്. നമുക്കെന്നുമാത്രമല്ല ലോകംമുഴുവനും ഒരു ഉത്തമമാർഗ്ഗദർശിയായിത്തീരുവാൻ ഈ മഹത്തത്വങ്ങൾ അടങ്ങിയ സംസ്കാരം എന്നും സഹായിക്കട്ടെ!

# കുമാരസംഭവം.

## ഭാഷാഗാനം

[അഞ്ചാംസർഗ്ഗം തുടർച്ച]

[വിദ്വാൻ, ശ്രീ, ചെറുശ്ശേരി മാധവമേനോൻ]

"വൈദികമൗലേ, ഭവാൻ കേട്ടോരാവിധം തന്നെ
വാഞ്ഛയുണ്ടിവൾക്കുള്ളിലുന്നതപദത്തി-
ആയതിനാത്രേ കഷ്ടമിത്തപം; മനോരഥ- [ന്നായ്;
മാവതോ തട്ടത്തീടാൻ വൈഷമ്യമുണ്ടെന്നാലും?" 64
ചൊല്ലിനാൻ വടുവപ്പോൾ: "ഈശനെയറിഞ്ഞീലേ?
പിന്നെയെന്തവനെത്താനിന്നിയും കാമിക്കുന്നോ?
മങ്ഗലേതരകർമ്മം ചെയ്യുമായവൻ തന്നെ-
യിങ്ങഹോ നിനച്ചു ഞാൻ നിന്നെയും വെറുക്കുന്നേൻ. 65
കഷ്ടം നിന്മനോരഥം, എങ്ങനെ സഹിച്ചീടും
കല്യാണനാളിൽബ്ഭദ്രേ, കാപ്പണിഞ്ഞോരീക്കരം
കങ്കണം പാമ്പായുള്ള കാളകണ്ഠനാം ദേവൻ
തൻകരമതിനാലങ്ങാദ്യമായ് ഗ്രഹിപ്പതു ? 66
ഒന്നഹോ, വധുവിന്റെ പൊന്നാം കുറിപ്പട്ടാ-
ണന്യമോ നിണത്തുള്ളി തൂകീടുമാനത്തോല് ;
തങ്ങളിലിവരണ്ടുമെങ്ങനെയിണങ്ങീടു-
മങ്ഗനാകുലമൗലേ, നീതന്നെ ചിന്തിച്ചാലും. 67
നാലുകെട്ടിലായ് നല്ലസൂനങ്ങൾ വിരിച്ചതിൽ
ചേലോടുമേൽക്കും നിന്റെ ചെമ്പഞ്ഞിച്ചാറും പാദം
കേശസങ്കീർണ്ണമായ പട്ടടക്കാട്ടിൽ വെപ്പാൻ
കേവലം പരൻപോലും സമ്മതിച്ചീടാ നൂനം. 68
ചൊന്നാലുമയുക്തമായെന്തിതിന്നിതെയൊന്നു:
പന്നഗം ചാർത്തുന്നോന്റെ മാറണിച്ചിതാഭസ്മം
രക്തചന്ദനം നന്നായ് പൂശുന്നിസ്തനങ്ങളി-
ലൊക്കവേ പുരണ്ടീടുമായതോ നിനക്കിഷ്ടം? 69
കാരണം ഹസിച്ചീടാനിന്നിയുമുണ്ടൊന്നാദ്യം
വാരണവീരൻതന്മേൽ കേറിനീ പോകേണ്ടുന്നോൾ
ഊഢയായ്, ഒരു മൂത്തൻകാളതൻ പുറത്തേറി-
ക്കാണുകിലോ നിന്നെബ്ഭദ്രേ, മാലോകർ ചിരിച്ചീടും 70
ഇന്നതൊട്ടിരുകൂട്ടം ശോചനീയതയാന്നി-
തീശനോടിണങ്ങീടാനാഗ്രഹമുണ്ടാകയാൽ,
ഒന്നതിൽ കലാനിധിതന്റെയക്കലയത്രേ,
പിന്നെയിജ്ജനാക്ഷിക്കു ചന്ദ്രികയാകും നീയും. 71
ദേഹമോ വിരൂപാക്ഷം, വംശമാർക്കറിഞ്ഞീടാം,
ഊഹിക്കാൻ ധനസ്ഥിതി, നഗ്നതയൊന്നേ പോരും;
ഏണശാബകനേത്രേ, നീ ഭർത്തൃഗുണങ്ങളിൽ
കാണുന്നതുണ്ടോ ചൊല്ലു വല്ലതും ത്രിനേത്രനിൽ? 72
ആകയാലതുതാനീയാഗ്രഹം വെടിഞ്ഞാലും;-
മാവിധമുള്ളോനെങ്ങു, പുണ്യമാർന്നുള്ളീനിയും?
വേദസമ്മതമായ യൂപസൽക്രിയയൊന്നും
സാധുക്കളനുഷ്ഠിക്കാ വധ്യശങ്കുവിനെന്നും." 73
ഏവമാ ദ്വിജൻ തനിക്കെതിരായുരചെയ്ക്ക-
ബ്ഭാവവും പകർന്നടൻ ചൊടിയും വിറപ്പിച്ചു
ചില്ലിയും ചുളിച്ചുതൻ ശോണമാമപാങ്ഗത്തെ
ചെല്ലവേ വിലങ്ങത്തിൽ തിരിച്ചു നിന്നീടിനാൾ. 74
ചൊല്ലിനാളവളപ്പോൾ: "ഈശനെ ഗ്രഹിപ്പീല-
ങ്ങുള്ളപോലല്ലെന്നാകിലീവിധം ചൊല്ലീടുമോ!
കാരണം ഗ്രഹിച്ചീടാനാവതല്ല, നൃന്മാരിൽ
ചേരുവൊന്നല്ല, നന്നായോർത്തുകൊണ്ടാലും ഭവാൻ
ആവിധമുള്ളോന്നത്രേ സജ്ജനചരിതം; ഹാ,
പാവങ്ങൾ മന്ദാത്മാക്കളതിനെ ദൂഷിക്കുന്നു! 75
ആപത്തിൽ പ്രതികാരമിച്ഛിപ്പോ, നതുപോലെ
സമ്പത്തിൽ ഭ്രമിപ്പോനും മംഗളം കാമിച്ചീടും,
ആശയാൽ മനസ്സിനു മാലിന്യമിയന്നോർതൻ-
രീതിയാം ശരണ്യനു-നിസ്പൃഹന്നെന്തിന്നോർത്താൽ?
നിസ്വനാമവൻ തന്നെയുദ്ഭവം ധനങ്ങൾക്കും, (76
മുപ്പാരിന്നീശനവൻ വസിപ്പു ശ്മശാനത്തിൽ,
ഭീമരൂപനാണെന്നാൽ ശിവനുമവനല്ലോ,
ഇല്ലാരും പിനാകിതൻ യാഥാർത്ഥ്യമറിഞ്ഞുള്ളോർ 77
നല്ലഭൂഷകൾ ചാർത്തിയുല്ലസിച്ചീടുന്നോന്നാം,
നാഗങ്ങളണിഞ്ഞതുമാസ്ഥാമല്ലേ നാകിൽ,
വാരണാജിനവാസസ്സാസ്വരാം ചിലനേരം,
നേരിയദുകൂലം താൻ ചുറ്റിയതായും കാണാം,
കാപാലിയായും കാണും, ചന്ദ്രശേഖരമായും
പാർക്കിലാർക്കറിഞ്ഞീടാം വിശ്വമൂർത്തിതൻഗാത്രം! 78
പാപങ്ങളകറ്റീടാൻ പര്യാപ്തമായീടുന്നു
പട്ടടച്ചാരംപോലും തദ്ദേഹസംസക്തത്താൽ;
താണ്ഡവം ചെയ്യുന്നേരം വീഴുമപ്പൊടിയല്ലോ
വിണ്ണോരും ശിരസ്സിങ്കൽ സാദരം ചൂടീടുന്നു. 79
മത്തദിഗ്ഗജവാഹനായീടും ശചീപതി,
വിത്തഹീനനെ-മൂത്തൻ കാളമേൽ ചരിപ്പോനെ-
ന്നല്ലപോൽ നമിച്ചവൻ കാൽവിരൽ ചെമപ്പിപ്പൂ
ഫുല്ലകല്പകസൂനജാലത്തിൻ രജസ്സാലേ. 80

ഒരുവിനോദകഥ.

# 'കാൺകർ'—അന്നും ഇന്നും.

(ശ്രീ. പി. ഡി. മേനോൻ.)

പരിഭ്രമിയ്ക്കേണ്ട; ഇയ്യാളൊരു സായിപ്പും മററുമല്ല; മലയാളിതന്നെയാണു "കരുണാകരൻ" എന്ന ആ "ഫൺടി"പ്പേരിനെ ഒന്നു പരിഷ്കരിച്ചു എന്നു മാത്രം.

അന്നു—രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന്നു മുമ്പാണ്—കാൺകറെ കാണേണമെങ്കിൽ വളരെ ദൂരെയൊന്നും പോകേണ്ടിയിരുന്നില്ല; സ്റ്റേഷൻപ്ലാററുഫോറം, പൊതുയോഗം, ഉത്സവസ്ഥലം, കല്യാണവീടു, വായനശാല, അവിവാഹിതകളായ പെൺകുട്ടികളുള്ള ഭവനം എന്നിങ്ങിനെ ഏതെങ്കിലുമൊരു സ്ഥലത്തു ചെന്നുനോക്കിയാൽ മതിയായിരുന്നു. പരിഷ്കൃതമോടിയിൽ വസ്ത്രധാരണം ചെയ്തു, കുടുമ വൃത്തിയായി ചീന്തിമിനുക്കി, കണ്ണടയും റിസ്റ്റുവാച്ചും ധരിച്ച്, വായിലൊരു സിഗററും, കയ്യിലൊരു മലാക്കാചൂരലുമായി, അധികം തടിയും അധികം ഉയരവുമില്ലാതെ, ഇരുനിറത്തിലുള്ള ഒരു പൊടിമീശക്കാരനെ—പച്ചപ്പരിഷ്കാരിയെ മേപ്പടി സ്ഥലങ്ങളിലെവിടെയെങ്കിലും കണ്ടാൽ, അതാണു സാക്ഷാൽ കാൺകർ എന്നു തീച്ചപ്പെടുത്താം. പ്രത്യക്ഷത്തിൽ കാണപ്പെട്ടിരുന്ന അയാളുടെ ചില യോഗ്യതകൾ—വേഷപ്പകിട്ട്, പരിഷ്കാരത്തികവു, ഇംഗ്ലീഷിലുള്ള സംസാരം, അവിവാഹിതാവസ്ഥ എന്നിവ—അയാൾക്കു മിക്കസ്ഥലങ്ങളിലും ബഹുമാന്യമായ ഒരു സ്ഥാനം സമ്പാദിച്ചുകൊടുത്തു.

അയാളുടെ ഭാഷയിൽത്തന്നെ പറയുകയാണെങ്കിൽ, അന്നു—എട്ടണയ്ക്കു ഒരു ക്ലോത്തും(മുണ്ടും), ഒരുറുപ്പികയ്ക്കു ആറോ ഏഴോ ഇടങ്ങഴി റൈസും(അരിയും) ഒരുമുക്കാലിന്നു ഒരു കോക്കൊനട്ടും [നാളികേരവും] കിട്ടിയിരുന്ന അന്നു—കാൺകറെ ഒരു മാരിയേജിൽ [വിവാഹത്തിൽ] കുടുക്കുവാൻ പല ഏജൻടുമാരും

ദോഷമായുരചെയ്തിതെങ്കിലും ഭവാൻ നാഗ-
ഭൂഷനെക്കുറിച്ചൊന്നു ചൊന്നതാ പരമാർത്ഥം
ദുർമ്മതേ, അജനുമേ കാരണമായുള്ളോനെ-
ജ്ജന്മത്തെയറിഞ്ഞിടാനാർക്കഹോ സാധിച്ചിടും? 81
ചോരുമീവിവാദം, നീ ചൊന്നൊരു ദോഷമെല്ലാം
ചേരുവാൻതന്നെ ശിവനെങ്കിലങ്ങനെയാട്ടെ;
എന്മനമിവനിൽത്താൻ സന്തതം രമിക്കുന്നു,
തന്നിഷ്ടംപോൽ നടപ്പോർക്കുനോക്കയില്ലപവാദം. 82
തോഴി, നീ തടുത്താലു,മിന്നിയുമെന്തോചൊൽവാൻ
ഭാഷനിവടുകാണുക, ചുണ്ടനക്കീടുന്നിതാ!
കണ്ടുപോൽ പൂജ്യന്മാരെക്കൊണ്ടപവാദം ചൊന്നാ-
ലുണ്ടാകും മഹാപാപമായതു കേൾക്കുന്നോർക്കും. 83
പോകുവനല്ലെന്നാകിലിങ്ങുനി"ന്നെന്നായ്ത്തന്വി
പോർമുലത്തടം വിട്ടു വല്ക്കലം നീങ്ങുംവണ്ണം
ആഞ്ഞുടൻ നടകൊണ്ടാൾ, തദ്രൂപമാർന്നങ്ങീശ-
നന്നേരം തടഞ്ഞിതാ ദേവിയെസ്സ്മിതംതൂകി. 84
ലോകനായകനാകും ശിവനെക്കാൺകമൂല-
മാകവേവിയർത്തങ്ഗം, കമ്പവും പൂണ്ടന്നേരം
പോകുവാനയർത്തിയപാദത്തെയൂന്നീടാതെ
മാമലവഴിമദ്ധ്യേതടയും പുഴപോലെ,
ഭൂധരേശ്വരകന്യ പോകാതെ നിന്നീടാതെ
പാരമാകുലഭാവം തേടിനാളെന്നേരവണ്ട. 85
സുന്ദരി, തവ തപഃക്രീതനായിട്ടും ദാസ-
നിന്നുതൊട്ടിവനെന്നായ് ചന്ദ്രശേഖരൻ ചൊല്ലേ,
തൻതപഃക്ലമം സാധ്വി പെട്ടെന്നു വിട്ടാ; ളുണ്ടാ-
മന്തരാ പുതുമോദാൽ ക്ലേശങ്ങൾ ഫലിച്ചെന്നാൽ. 86

തപഃഫലോദയം എന്ന അഞ്ചാംസർഗ്ഗം കഴിഞ്ഞു.

—:o:—


## കൈകണ്ട മരുന്നുകൾ.

### രക്തവാതത്തിനും കണ്ഠമാലയ്ക്കും ദിവ്യഔഷധങ്ങൾ.

രക്തവാതം ഏഴേഴു ദിവസംകൊണ്ടും കണ്ഠമാല ഒരൊററമാസംകൊണ്ടും സുഖപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം—

എ. എൻ. ഭട്ട, പറവൂർ-കൊച്ചിൻ.

ഉററു പരിശ്രമിയ്ക്കുകയുണ്ടായി. പക്ഷെ, 'മാരിയേജി' നാലുണ്ടാകാവുന്ന അസ്വതന്ത്രജീവിതവും അധികച്ചെലവും അകമേ ഭയന്നും, തനിയ്ക്കു യോജിച്ച ഒരു പാർട്ടണറെ (കൂട്ടുകാരിയെ) കണ്ടുകിട്ടുന്നില്ലെന്നു കാരണം പുറമേ പറഞ്ഞും അയാൾ അതിൽനിന്നു ഒഴിഞ്ഞുമാറി. വിവാഹഏജൻ്റമാരുടെ ന്യായമായ ചോദ്യങ്ങൾക്കു അയാൾ ധൈര്യസമേതം ഇങ്ങിനെ മറുപടികൊടുത്തു:

'സാവിത്രിയേ്ാ, എജ്ജുക്കേഷൻ (പഠിപ്പ്) പോരാ; മ്യൂസിക്ക്' (സംഗീതം) മോശം.'

'പിന്നെ, സരസ്വതിയുടെ കാര്യമാണ്. കളർ (നിറം) നന്നല്ല; വല്ലാതെ ഫാററായും (തടിച്ചും) ഇരിയ്ക്കുന്നു.'

'സൌദാമിനിയ്ക്കാണെങ്കിൽ ഹൈററ് [ഉയരം] കൂടിപ്പോയി'

'സുകേശിനിയുടെ ടീത്തിന്നു [പല്ലിന്നു] ഒരു ഭംഗിയുമില്ല.'

'സരളയ്ക്കാവട്ടെ, ഹേയർ [തലമുടി] കഷ്ടിയാണ്''

അയാൾ പിന്നെയും തുടരുവാൻ ഭാവിച്ചു; പക്ഷെ, കേട്ടുനിന്നവർ സഹിച്ചില്ല. അവരിൽ ഒരാൾ ഇങ്ങിനെ അലറി: 'എന്നാൽ, സാറേ, നിങ്ങൾക്കു പ്രത്യേകമായിട്ടു ഒരു പെണ്ണിനെ ഇനി ബ്രഹ്മാവ് സൃഷ്ടിയ്ക്കുന്നതുവരെ കാക്കു!'

ഇതുകൊണ്ടൊന്നും കുലുങ്ങുന്നവനായിരുന്നില്ല, കാൺകർ! വിവാഹംകഴിഞ്ഞാൽ ഒരു പുരുഷൻ്റെ വില ഇടിഞ്ഞുപോയി എന്നായിരുന്നു അയാളുടെ ഒപ്പീനിയൻ [അഭിപ്രായം]. ഒരാൾ അവിവാഹിതനായിരിയ്ക്കുന്നിടത്തോളംകാലം, ക്ഷണങ്ങൾക്കും സൽക്കാരങ്ങൾക്കും അയാൾക്കു കുറവു വരില്ലത്രേ! പിന്നെ, മുത്തശ്ശിമാരുടെ ചില സൂചനകളും, തരുണീമണികളുടെ ചില കടാക്ഷമോക്ഷങ്ങളുമൊക്കെ—ഹാ, അതു കേൾക്കുന്നതും കാണുന്നതും എത്ര രസകരമാണ്!

പക്ഷെ, അതൊക്കെ അന്നേത്തെ കാര്യമാണ്. യുദ്ധവും, വിലകയററവും, റേഷനും, കൺട്രോളും മററും മററും തുടങ്ങുന്നതിന്നുമുമ്പ്! അന്നു അയാൾക്കു 60ക. ശമ്പളമുണ്ടായിരുന്നു. [സ്വകാര്യമാണേ, 150 എന്നാണ് അയാൾ എല്ലാവരോടും പറഞ്ഞിരുന്നത്] അന്നത്തെ ആ ശമ്പളം ഒരു ചെറുകുടുംബത്തെ പുലർത്താൻ തികയുമായിരുന്നു.

ഇന്നത്തെ സ്ഥിതിയോ? കാലമെത്ര വ്യത്യാസപ്പെട്ടു? ഇന്നു അയാൾ മുമ്പത്തെപ്പോലെ പൊതുസ്ഥലങ്ങളിൽ കാണപ്പെടാറില്ല. ഇപ്പോൾ ക്ഷാമബത്തയടക്കം 100ക. ശമ്പളം കിട്ടിയിട്ടും കാൺകർ "നില്ക്കക്കള്ളി" കാണുന്നില്ല. കടം ദിവസംപ്രതി കൂടിക്കൂടിവരികയാണ്. ഇന്നത്തെ 100ക. അന്നത്തെ 20കയാണെന്നു അയാൾ പറയുന്നതിൽ കാര്യമില്ലാതില്ല. അയാളുടെ ജീവിതമോ? ഹോട്ടലിലെ കല്ലുംനെല്ലും നിറഞ്ഞചോറും, ചോളവും ഗോതമ്പവും കൊണ്ടുണ്ടാക്കുന്ന പലഹാരങ്ങളും തിന്നുമടുത്തു! അന്നേത്തെ ഏതെങ്കിലുമൊരു പെണ്ണിനെ ഇന്നു 'പാർട്ട്ണർ' ആയി കിട്ടുമെങ്കിൽ—'എജ്ജുക്കേഷനും മ്യൂസിക്കും' ഇല്ലെങ്കിൽ വേണ്ട; 'കളർ' നന്നല്ലെങ്കിൽപോട്ടെ; 'ഹൈററ്' എത്രയായാലും വിരോധമില്ല; 'ടീത്തി'ന്നു ഭംഗിവേണമെന്നില്ല; 'ഹേയർ' ഇല്ലെങ്കിലും ശരി—അയാൾ സസന്തോഷം ഏറെറടുത്തുകൊള്ളുമെന്നു ഉറപ്പാണ്. ഒന്നുമില്ലെങ്കിൽ, ഹോട്ടൽക്കാരെ ആശ്രയിക്കാതെ ഭക്ഷണം കഴിയ്ക്കുകയെങ്കിലും ചെയ്യാമല്ലോ. എന്നാൽ അയാൾക്കു "ഹോപ്പ്" തീരെ ഇല്ല; കാരണം, അന്നത്തെ കൂട്ടുകാരികൾക്കൊക്കെ ഇപ്പോൾ കാൽഡസനും അതിലധികവും കുട്ടികളായി!

ഏകനായ തനിയ്ക്കു ഇപ്പോൾ കിട്ടുന്ന ശമ്പളം എന്തുകൊണ്ടു ചെലവിന്നു തികയുന്നില്ല എന്നയാൾ അത്ഭുതപ്പെട്ടു. ഇതിലും ചുരുങ്ങിയ ശമ്പളംകൊണ്ടു എത്ര ആളുകൾ വലിയ കുടുംബത്തെ പുലർത്തുന്നു? അപ്പോൾ, അനാവശ്യച്ചെലവുകൾ വളരെയുണ്ട്; സുഖജീവിതം ഒട്ടില്ലതാനും. ഇതിന്നു ഒരു പോംവഴി ഉടനെ കണ്ടുപിടിച്ചു മതിയാകൂ. അയാൾ ഒരു കടലാസ്സും പെൻസിലും എടുത്തു ഒരു ബഡ്ജററ് തെയ്യാറാക്കിനോക്കി. എല്ലാമാസവും സുമാർ 60ക. വരവിലധികം ചെലവു വരുന്നുണ്ടെന്നു വ്യക്തമായി. ഈ ബഡ്ജററിൽ ചേർത്തിട്ടില്ലാത്ത വിചാരിയ്ക്കാത്ത ചെലവുകൾ വേറെയും ഇടയ്ക്കിടെ ഉണ്ടാവാറുണ്ടെന്നു അയാൾ ഓർത്തു. ശിവ! ശിവ! കുററമാണോ താൻ കടക്കാരനായിത്തീർന്നതു്! ഈ നിലയ്ക്കുള്ള ജീവിതം ഇനിയും തുടർന്നുപോകുന്നപക്ഷം, തൻ്റെ ഭാവി എത്ര ഭയങ്കരമായിത്തീരും! അയാൾ ആകെ വല്ലാതെ വിയർത്തുപോയി!

ഉദ്യോഗത്തിന്നു പുറമേ, സ്ഥിരമായിട്ടൊരു സമ്പാദ്യത്തിന്നുള്ള മാർഗ്ഗം അയാൾ ആരാഞ്ഞു; അതിൻ്റെ ഫലമായി, അധികം താമസിയാതെ, ഒരു ഇൻഷൂറൻസ് ഏജൻടായി. പ്രവൃത്തിയ്ക്കൊരു പ്രചാരംവരുത്തുവാൻവേണ്ടി ആദ്യത്തെ "പ്രീമിയം" താൻകൊടുത്തുകൊള്ളാമെന്ന വ്യവസ്ഥയിൽ, രണ്ടുമൂന്നുപേരെ

ചേർത്തു. ആ പണം നഷ്ടപ്പെട്ടതുമാത്രം ഫലം. പിന്നെ, അയാൾക്കസഹ്യമായ മറ്റൊരു കാൎയ്യംകൂടി ഉണ്ടായി. മുമ്പു അയാളുടെ സാന്നിധ്യം കൊതിച്ചിരുന്ന സുഹൃത്തുക്കൾ, "ഏജൻട്" വരുന്നതുകണ്ടാൽ, തലേത്തട്ടി പിടിപെട്ട ആളെന്നപോലെ ഒരു ഫർല്ലോങ്ങ് ദൂരെ ഒഴിഞ്ഞുമാറിത്തുടങ്ങി; അധികം താമസമുണ്ടായില്ല, ഏജൻട്ടുജോലി വലിച്ചെറിയുവാൻ.

കാൺകർ കുഴങ്ങി. ഗൃഹഭരണസാമൎത്ഥ്യമുള്ള ഒരു ഭാൎയ്യയുണ്ടായാൽ, ഇപ്പോഴത്തെ അനാവശ്യച്ചെലവുകൾനിർത്തി, നല്ലഭക്ഷണംകഴിച്ചു ജീവിക്കാമായിരുന്നു. അതിലധികമൊന്നും താനിച്ഛിയ്ക്കുന്നില്ല. ഇനിയും താമസിച്ചാൽ, ഒരുപക്ഷെ, പെണ്ണിനെ കിട്ടിയില്ലെന്നുതന്നെ വന്നേയ്ക്കും. അയാൾ കണ്ണാടി എടുത്തു നോക്കി ദീർഘമായി ഒന്നു നിശ്വസിച്ചു. ഇപ്പോൾ തന്നെ തല കുറേ നരച്ചു; അവിടവിടെ കഷണ്ടികയറിത്തുടങ്ങി; പല്ലുകൾ ചിലതുപോയി; കവിളൊട്ടി—ചുരുക്കത്തിൽ, പണ്ടത്തെ പകിട്ടൊക്കെ പോയി.

"കടംവീട്ടാനുള്ള സംഖ്യയെങ്കിലും കിട്ടിയാൽ-" ഈ വിചാരത്തെ തുടൎന്നുകൊണ്ടു അയാൾ ചില തീരുമാനങ്ങളൊക്കെ ചെയ്തു.

അധികം താമസിയാതെ, ഒരു ദിനപത്രത്തിൽ ഇങ്ങിനെ ഒരു പരസ്യം കാണപ്പെട്ടു.

"വൈവാഹികം—200ക ശമ്പളമുള്ള ഒരു നായർ യുവാവിന്നു സുന്ദരിയും സുശീലയും ഗൃഹഭരണത്തിൽ സമൎത്ഥയുമായ ഒരു യുവതിയെ വിവാഹത്തിന്നാവശ്യമുണ്ട്. പൂൎണ്ണവിവരങ്ങൾക്കു താഴെകാണുന്ന വിലാസത്തിൽ എഴുതുക. കെ c/o..........."

ഈ സുവൎണ്ണാവസരത്തെ പാഴാക്കിക്കളയരുതെന്ന ഉദ്ദേശ്യത്തോടുകൂടി വിവാഹഏജൻട്ടുമാർ പത്രമാപ്പീസിൽ തിക്കിക്കൂടി. ഒരാൾ അവിടത്തെ ഗുമസ്ഥനെ സ്വകാൎയ്യമായിക്കണ്ടു പരസ്യത്തിന്റെ ഉടമസ്ഥനെ അറിവാൻ ശ്രമിച്ചു. "ഒരു കാങ്കറോ ബാങ്കറോ മറ്റോ ആണ്" എന്നുപറഞ്ഞു ഗുമസ്ഥൻ മേൽവിലാസം തിരഞ്ഞെടുത്തു കാണിച്ചു. "കാൺകർ" എന്നുവായിച്ചു ഉടനെ, അയാളെ പരിചയമുള്ള ഏജൻട് പകച്ചുനിന്നുപോയി! ഗുമസ്ഥന്റെ ചോദ്യത്തിന്നു ഇങ്ങിനെയായിരുന്നു മറുപടി:- "ആ പഹയൻ കാങ്കറുമല്ല ബാങ്കറുമല്ല, ഒന്നാന്തരം "കങ്കാറു"വാണ്!

മി: കാൺകറാവട്ടെ, ഇന്നും ശുഭപ്രതീക്ഷയോടെ ജീവിച്ചുവരികയാണ്. വിവാഹപ്രായം അതിക്രമിച്ച പെൺമക്കളുള്ളവർ—വിവാഹച്ചെലവും ചുരുങ്ങിയതു രണ്ടായിരം ഉറുപ്പികയും കൊടുക്കാൻ ഒരുക്കമുള്ളവർ—വേഗം അപേക്ഷിച്ചിട്ടില്ലെങ്കിൽ പിന്നീടു ഇച്ഛാഭംഗപ്പെടേണ്ടിവരും!

———— o ————


# ജാതകാദേശമാൎഗ്ഗം.

ചന്ദ്രദീപികാ എന്ന വിസ്തൃതവ്യാഖ്യാനം. വില 5ക. മാത്രം

വിദ്വാൻ ശ്രീ. മഞ്ഞളൂർകളരിക്കൽ K. അച്യുതപ്പണിക്കരവർകളുടെ ഒരൊന്നാന്തരം വ്യാഖ്യാനമാണിതു. ജ്യോതിഷപണ്ഡിതർ പുലിയൂർ P. S. പുരുഷോത്തമൻ നമ്പൂതിരി അവർകളുടെ സാരഭൂയിഷ്ഠമായ അവതാരിക പ്രേക്ഷകന്മാരുടെ ചിത്തവൃത്തികളെ ഹഠാദാകൎഷിക്കുന്ന വ്യാഖ്യാനധൂരിലൂടെ വിഷയജ്ഞാനശക്തിയാൽ വിലയം പ്രാപിപ്പിക്കുന്ന നില നിങ്ങളെ കോൾമയിർകൊള്ളിക്കാതിരിക്കുകയില്ല. ഇതാ ചിറ്റൂർ (കൊച്ചിൻ) വേണുഗോപാലമുദ്രണാലയത്തിൽ അച്ചടിപ്പിച്ചു വരുന്നു. ഇന്നുതന്നെ നിങ്ങളുടെ ഓർഡറിനെ താഴെ കാണുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചു റജിസ്റ്റർചെയ്യുവിൻ.

**K. A. Damodara Panikkar,**
P. O. Mannalur, [Via] Koduvayur, Malabar.

# ശ്രീ നാരായണഗുരുദേവൻ.

(ഭുജംഗപ്രയാതസ്തോത്രം)

(ശ്രീ. എം. ആർ. കൃഷ്ണവാര്യർ, ബി. എ., എൽ. ടി.)

നിതാന്തം മനശ്ശുദ്ധിധീപാലിച്ചമാതാ-
പിതാക്കൾക്കു സന്താനസായൂജ്യമേകാൻ,
സുതാകാരനായിപ്പിറന്നീശ്വരാത്മാ-
വതാരപ്രകാണ്ഡത്തിനാദ്യം തൊഴുന്നേൻ. 1

ചെറുപ്പത്തിലേതന്നെ ചേതസ്സുധർമ്മം
ചെറുത്തു, ചെകുത്താന്റെ ചേട്ടത്തരങ്ങൾ
വെറുത്തു, ഭവാൻബാലലീലാസപര്യ-
യ്ക്കറുത്തു ബലാൽ ജാതിശഷ്പാങ്കുരങ്ങൾ. 2

അയസ്കാന്തചേതോഗുണാകർഷണത്താ-
ലയൽക്കാർക്കുമന്യർക്കുമാലോകരത്താൽ,
പ്രിയസ്നേഹസമ്പൂർണ്ണമാം പാത്രമായി-
സ്വയം തീർന്നുവല്ലോ ഭവാൻ ഭംഗമെന്യേ. 3

വയസ്യർക്കുമൊന്നിച്ചുവന്ദിച്ചിരിക്കാ-
നയത്തിൽപ്പടച്ചുള്ള മൺവിഗ്രഹത്തിൽ
സ്വയം ഭക്തിവർദ്ധിക്കയാൽ, ധ്യാനനിഷ്ഠാ-
ലയസ്തബ്ധനായ്ത്തീർന്ന കുഞ്ഞേ, തൊഴുന്നേൻ! 4

പ്രിയപ്പെട്ട മാതാപിതാക്കൾക്കുമേറെ-
പ്രിയം തോന്നിച്ചുട്ടർക്കുമെച്ചൈശവത്തിൽ
വിയത്താടിവന്നങ്ങു ചുംബിച്ചെടുക്കാ-
നയത്തിലയോ കൈകൾ, കൈവല്യദായിൻ! 5

സ്ഥലത്തെസ്സവർണ്ണക്കിടാങ്ങൾക്കു,മോമൽ-
പ്പുലക്കുട്ടികൾക്കും ഭവാൻ ഭേദമെന്യേ
ഇലക്കീറുവെച്ചപ്പവും, ചോറു, മോരോ
ചലൽക്രീഡയിൽത്താൻ വിളമ്പിക്കൊടുത്തു. 6

കളിച്ചു, കളസ്നേഹസംഭാഷണത്താൽ
തെളിച്ചു, വയസ്യർക്കു ബോധം മനസ്സിൽ
ഒളിച്ചുനടന്നങ്ങുമിങ്ങും, വിശേഷി-
ച്ചൊളിച്ചൂതവൃക്ഷച്ചുവട്ടിൽക്കുമാരൻ. 7

കലാഭ്യാസകാലം സമീപിച്ചു, ലീലാ
വിലാസങ്ങൾ, വിദ്യാവിനോദോദ്യമത്തിൽ
കലാശിച്ചുനിന്നു ഭവാനിൽ, കുളിർപ്പൂ-
നിലാവിൽക്കനൽത്താരകാംശുക്കൾപോലേ. 8

കുടിപ്പള്ളിയാശാന്റെ ശിക്ഷയ്ക്കു,മമ്പോ-
ടടിക്കാത്തൊരപ്പന്റെ ശിക്ഷയ്ക്കു,മന്നാൾ
മടിക്കാതമന്ദം വിധേയത്വമാർന്നി-
പ്പൊടിക്കുട്ടിയഭ്യാസമഭ്യാസ്വദിച്ചു. 9

കണക്കോട്ടമക്ഷെഴുത്തോത്തു, പാരാ-
യണംതൊട്ടു പാഠങ്ങളും കൊച്ചുകുട്ടൻ
ക്ഷണത്തിൽ പഠിച്ചു, ക്ഷമാശീലപൂർവ്വം,
വണക്കം സ്വഭാവത്തിലുണ്ടായിവന്നു. 10

ഗുരുക്കൾക്കനിത്യം ഗുരോ,ത്വന്മനീഷാ-
ഗുരുത്വം മഹാശ്ചര്യമുണ്ടാക്കിയുള്ളിൽ;
പുരബ്രഹ്മചര്യാവ്രതാസക്തിദാർഢ്യം
മരുത്സൂനുവേക്കാൾ, ഭവിച്ചൂ ഭവാനിൽ. 11

സ്വസന്മാർഗ്ഗപാഠം പഠിച്ചുള്ള സൂക്ഷ്മ-
പ്രസന്നാശയത്വം ഭവാനുൽഭവിച്ചു;
അസത്യം, ദുരാചാര, മന്യായമെല്ലാം
വിസർജ്ജിക്കുമാറാത്മസംബോധം വളർന്നു. 12

നിസർഗ്ഗാത്മശുദ്ധിക്കു യോജിച്ച, വിദ്വൽ
പ്രസംഗപ്രിയാസക്തി വർദ്ധിച്ചുവന്നു,
അസന്മാർഗ്ഗഭീരുത്വ, മാത്മാഭിമാന-
പ്രസക്തിപ്രഭാപൂർണ്ണമുണ്ടായ് ഭവാനിൽ. 13

കുശാഗ്രാശയത്വം, കുലീനത്വ, മേതാ-
ദൃശൗദാര്യശീലാഭിരാമാങ്കുരങ്ങൾ
പ്രശാന്താവധൂതത്വബീജാന്വിതം, ശ്രീ
കൃശാംഗൻ, ഭവാനിൽ, തെളിഞ്ഞു ക്രമത്തിൽ. 14

അഹിക്ഷേത്രജാതിദ്രുമക്കാടുകത്തി-
ദ്ദഹിപ്പിക്കുമാറുള്ള ദൃഷ്ടിപ്രദീപ്തി,
അഹിംസാവ്രതം, ദോഷദുർവ്വാദദീക്ഷാ-
സഹിഷ്ണുത്വവും, ബാലനുണ്ടായ്മേന്മേൽ. 15

വളർന്നങ്ങുവന്നപ്പൊഴെയ്യൗവമാശാൻ
വളം വെച്ചുകൊണ്ടായതില്ലെന്നുവന്നു
കുളം മാറിയിക്കൊച്ചുനാരായണൻ,കാ-
ലിളക്കിച്ചവിട്ടി, കലാനൃത്തമാടാൻ. 16

(ബാക്കി അടുത്ത ലക്കത്തിൽ)

# എന്റെ സാഹിത്യസ്മരണകൾ.

[ശ്രീ. പി. വി. കൃഷ്ണവാരിയർ, കോട്ടക്കൽ.]

## XIV

മലയാളത്തിലെ "ഏകവൈദ്യമാസിക"യായ "ധന്വന്തരി"യുടെ ഒന്നാംലക്കം 1079 വൃശ്ചികം 1-ാംനു-തന്നെ കൃത്യമായി പ്രസിദ്ധപ്പെടുത്തി. അതുമുതല്ക്കു 23 സംവത്സരം "ധന്വന്തരി പ്രചരിച്ചിരുന്ന കാലത്തെല്ലാം മാസികയുടെ ഓരോ ലക്കത്തിലും മംഗളമായി ചേർത്തിരുന്നതു കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് അയച്ചുതന്ന താഴെ ചേർത്ത ശ്ലോകമായിരുന്നു:-

"എപ്പോഴുമെല്ലാ'സ്സുമനസ്സുകൾക്കു'-
മല്ലേതരം 'നല്ലമൃതാ'ർപ്പണത്താൽ
ഉൾപ്പൂകളുക്കേ പ്രമദത്തെ നൽകി-
ക്കെൽപ്പോടു 'ധന്വന്തരി' വാണിടട്ടെ."

എന്റെ അപേക്ഷപ്രകാരം ഈ പദ്യമയച്ചുതരികമാത്രമല്ല, ആ തിരുമേനി ആജീവനാന്തം മാസികയുടെ ഒരു സ്ഥിരവരിക്കാരനായിരിക്കുകയും, ഓരോ കൊല്ലാരംഭത്തിലും അതതു സംവത്സരത്തെ വരിസംഖ്യ [4ക] 1-ാംനു-തന്നെ മുൻകൂറായി അയച്ചുതരികയും ചെയ്യുക പതിവായിരുന്നു എന്നുകൂടി കൃതജ്ഞതാപൂർവ്വം ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു

ധന്വന്തരിയുടെ പത്രാധിപത്യം വഹിച്ചിരുന്നതു് എന്റെ ജ്യേഷ്ഠൻ വൈദ്യരത്നം പി. എസ്സ്. വാരിയർതന്നെയായിരുന്നു. ആ നിലയിൽ മുഖപ്രസംഗമായിട്ടുള്ള ലേഖനങ്ങൾ മിക്കവാറും അദ്ദേഹംതന്നെ എഴുതുകയും ചെയ്തിരുന്നു. എങ്കിലും അതുമാത്രംകൊണ്ടു് ഒരു മാസിക നടക്കുന്നതല്ലല്ലോ. ഡമ്മി ¼ വലിപ്പത്തിൽ 6 ഫോറം അതായതു് 24 ഭാഗമായിരുന്നു ധന്വന്തരിയുടെ ഓരോ ലക്കത്തിലുമുണ്ടായിരുന്നതു്. അതിലേക്കു പത്രാധിപലേഖനം നാലോ അഞ്ചോ ഭാഗത്തിലധികമുണ്ടായിരിക്കയില്ല. ബാക്കി പോരാത്ത ലേഖനങ്ങൾ മുഴുവനും വേറെ സമ്പാദിക്കണം. ലേഖനപരിശോധന മുതലായ മററു പത്രാധിപകൃത്യങ്ങളും ഞാൻതന്നെ നിർവ്വഹിക്കണം. ധന്വന്തരിയുടെ ആരംഭകാലത്തു കഴിഞ്ഞുപോയ വാചസ്പതി ടി. സി. പി. മൂസ്സതും സഹായത്തിനുണ്ടായിരുന്നു. പക്ഷേ അധികകാലം ഒരേടിക്കിൽ ഉറച്ചുനില്ക്കുവാൻ ഒരിക്കലും വശമാകാതിരുന്ന അദ്ദേഹം ഏതാനുംമാസം കഴിഞ്ഞപ്പോഴേയ്ക്കു് ഇവിടംവിട്ടുപോയി. അന്ന്യന്റെ കാലുകൊണ്ടു നടക്കാമെന്നു് ആദ്യംതന്നെ ഉദ്ദേശിച്ചിട്ടില്ലാത്ത ഞങ്ങൾക്കിതുനിമിത്തം പറയത്തക്ക ബുദ്ധിമുട്ടൊന്നും നേരിട്ടില്ല. അക്കാലത്തു ലേഖനസമ്പാദനം ഒട്ടും എളുപ്പമല്ലായിരുന്നു. മലയാളത്തിൽ നല്ല ഗദ്യലേഖനങ്ങൾ എഴുതുവാൻ കഴിയുന്നവർതന്നെ ഇന്നത്തെപ്പോലെ അന്നത്ര ധാരാളമുണ്ടായിരുന്നില്ല. മാസികകൾതന്നെ അന്നു വളരെ കുറച്ചു ഉണ്ടായിരുന്നുള്ളൂ. ധന്വന്തരി വൈദ്യമാസികയായതിനാൽ അതിലേക്കു ലേഖനമെഴുതണമെങ്കിൽ വൈദ്യവിഷയത്തിൽ പരിചയിച്ചവർതന്നെ വേണമല്ലോ. അക്കാലത്തും ഇവിടെ വൈദ്യന്മാർ ധാരാളമുണ്ടായിരുന്നു. എങ്കിലും അവൎക്കു ചികിത്സിക്കുവാനല്ലാതെ ലേഖനങ്ങളെഴുതുവാൻ അശേഷം പരിചയമുണ്ടായിരുന്നില്ല. ചില പഴയ യാഥാസ്ഥിതികന്മാൎക്കു വൈദ്യവിഷയങ്ങളൊന്നും പുറത്തുവിടുന്നതു സമ്മതവുമല്ലായിരുന്നു. ഈ വക സംഗതികളാൽ ആദ്യകാലത്തു ലേഖനങ്ങൾ സമ്പാദിക്കുവാൻ വളരെയധികം ക്ലേശിക്കേണ്ടിവന്നിട്ടുണ്ടു്. എഴുതുവാൻ വശമുള്ളവരെ അന്വേഷിച്ചു തിരഞ്ഞുപിടിക്കണം. വിഷയങ്ങൾ ധാരാളം അറിയാം; എഴുതുവാനൊട്ടും ശീലവുമില്ല; അങ്ങനെയുള്ളവരുടെ അടുക്കൽചെന്നുകൂടി അവരെക്കൊണ്ടു് ഓരോ വിഷയവും സംസാരിപ്പിച്ചു ലേഖനരൂപത്തിൽ എഴുതിയെടുക്കണം. ഇതുപ്രകാരം പലവഴിക്കും ശ്രമിച്ചുകിട്ടുന്ന ലേഖനങ്ങൾ അലകും പിടിയും മാററീട്ടാണു് ധന്വന്തരിയിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതു്. ഇംഗ്ലീഷ് ഡാക്ടർമാരിൽ പലരെക്കൊണ്ടും ലേഖനങ്ങളെഴുതിച്ചിട്ടുണ്ടു്. ആവക അധികവും ഇംഗ്ലീഷ്ഭാഷയിൽത്തന്നെ എഴുതീട്ടുള്ളവയോ, അല്ലെങ്കിൽ ഇംഗ്ലീഷിലുള്ള ഏതാനും കുറിപ്പുകളോ ആയിരുന്നതല്ലാതെ, മലയാളഭാഷയിലേ ആയിരുന്നില്ല. ആ വകയെല്ലാം പിന്നെ മലയാളത്തിലാക്കണം. ഈവക ബുദ്ധിമുട്ടുകളെല്ലാംതീർത്തു് ആവശ്യംപോലെ നല്ല ലേഖനങ്ങൾ കിട്ടുവാൻ കുറേക്കാലം കഴിയേണ്ടതായി വന്നു.

ഇത്രയൊക്കെ പരിശ്രമിച്ചിട്ടും ഓരോ ലക്കത്തിലേക്കു ഒന്നും രണ്ടും ചിലപ്പോൾ അതിലധികവും ലേഖനങ്ങൾ ഈ ലേഖകൻതന്നെ എഴുതിയുണ്ടാക്കേണ്ടതായി വന്നിട്ടുണ്ടു്. ഒന്നാംലക്കത്തിൽതന്നെ "പ്രസ്താവന", "ആയുർവൈദ്യചരിത്രം" ഈ രണ്ടും സ്വന്തം

ലേഖനങ്ങളായിട്ടുള്ളതുകൂടാതെ, "ദേവതാപദ്രവാവക നാലാഴ്ചയിലെ പട്ടിണി", "വൈദ്യന്മാരുടെ സാധാരണ തെററുകൾ" ഇങ്ങനെ രണ്ട് ഇംഗ്ലീഷ് ലേഖനങ്ങളുടെ തർജ്ജമയും ഏതാനും പത്രാധിപക്കുറിപ്പുകളും ഈ ലേഖകൻെറ വകയാണെന്നുള്ള വാസ്തവം മറച്ചുവെക്കുന്നില്ല. ധന്വന്തരിയുടെ ഓരോ സംവത്സരാരംഭത്തിലും കാണുന്ന പ്രസ്താവനകൾ പത്രാധിപരുടെ പേരിലാണ് അച്ചടിച്ചിട്ടുള്ളതെങ്കിലും, അതിലെ ഒന്നു പോലും പത്രാധിപരെഴുതിയതല്ല. മാസികയുടെ സകല ചുമതലയും വഹിച്ചിരുന്നത് ഈ ലേഖകനായിരുന്നതിനാൽ സ്വന്തം കാര്യങ്ങൾ രേഖപ്പെടുത്തുവാൻ മററാർക്കും അത്ര സൌകര്യവും സാദ്ധ്യതയുമുണ്ടാകുവാൻ തരമില്ലല്ലോ.

ഏതാണ്ട രണ്ടുവർഷത്തിനകം ആര്യവൈദ്യചരിത്രം അവസാനിച്ചു. പ്രാചീനായുർവ്വേദവൈദ്യന്മാർ ഉപയോഗിച്ചിരുന്ന യന്ത്രങ്ങളുടെയും ശസ്ത്രങ്ങളുടെയും ഛായാപടങ്ങളോടുകൂടി അത് അന്നുതന്നെ ഒരു പുസ്തകമാക്കിയും അച്ചടിച്ചിരുന്നു. ആദ്യത്തെ ആ പതിപ്പ് ക്ഷണത്തിൽ വിററുതീർന്നതിനാൽ അധികം താമസിക്കാതെ അല്പം പരിഷ്കരിച്ചു ഒരു രണ്ടാംപതിപ്പുകൂടി അടിച്ചിട്ടുണ്ട്. ഈ പുസ്തകം ആര്യവൈദ്യപാഠശാലയിൽ ഒരു പാഠപുസ്തകമായി സ്വീകരിക്കപ്പെട്ടതുകൂടാതെ കുറച്ചുകാലം തിരുവനന്തപുരത്തുള്ള ആയുർവ്വേദപാഠശാലയിലും അംഗീകരിക്കപ്പെട്ടിരുന്നു.

ധന്വന്തരിയുടെ മൂന്നാംപുസ്തകം മൂന്നാംലക്കം മുതല്ക്കു ആര്യവൈദ്യചരിത്രത്തിൻെറ സ്ഥാനത്തു "സൌന്ദര്യാരോഗ്യദീർഘജീവിതോപായങ്ങൾ" എന്ന തലക്കെട്ടിൽ ഒരു ലേഖനപരമ്പര പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ഇംഗ്ലീഷുഭാഷയിൽ "Secrets of Beauty, Health and long life" എന്നപേരിൽ സുപ്രസിദ്ധമായ ഒരു പുസ്തകമുണ്ട്. അനവധി പതിപ്പുകഴിഞ്ഞതും, അതിപ്രചാരമുള്ളതുമായ ആ പുസ്തകത്തിലെ വിഷയങ്ങൾ ശ്രീ. പള്ളിയിൽ ഗോവിന്ദമേനോൻ ക്രമപ്രകാരം തർജ്ജമചെയ്തയച്ചിരുന്നതാണ്. പ്രസ്തുത ലേഖനം തർജ്ജമ ശരിയാകുന്നുണ്ടോ എന്നു സ്വയം പരിശോധിച്ചു തൃപ്തിവരുത്തേണ്ടതിന്നു ഇംഗ്ലീഷുപുസ്തകത്തിൻെറ ഒരു പ്രതി ഞാനാദ്യംതന്നെ വരുത്തി. അതെനിക്കു പിന്നീടു വളരെ ഉപകരിക്കുകയും ചെയ്തു. ശ്രീ. മേനോൻെറ വിവർത്തനം സാമാന്യേന ശുദ്ധവും സുഗമവുമായിരുന്നു എന്നു സമ്മതിക്കാതെ കഴിയില്ല. എങ്കിലും രുചിഭേദംനിമിത്തം ചില ദിക്കിൽ അല്പാല്പം മാററങ്ങളും ഇവിടെ ചെയ്തിട്ടില്ലെന്നു പറഞ്ഞുകൂടാ. അതിലല്പ ബുദ്ധിമുട്ടുണ്ടായിരുന്നത്. ധന്വന്തരി മലയാളമാസം 1-ാം നു-തോറും കൃത്യമായി പ്രസിദ്ധപ്പെടുത്തണമെന്നു ഞങ്ങൾക്കു നിർബ്ബന്ധമുള്ളതുകൊണ്ട് അതതു ലക്കത്തിലേക്കു വേണ്ടുന്ന ലേഖനം കണക്കുപ്രകാരം പലപ്പോഴും ഇവിടെ കിട്ടാതെ വന്നിട്ടുണ്ട്. മാസികയിൽ അതുകൂടിചേർക്കാതിരിപ്പാനും നിവൃത്തിയില്ല. അങ്ങിനെയുള്ള ഘട്ടങ്ങളിലെല്ലാം ഇവിടെത്തന്നെ തർജ്ജമചെയ്തു കാര്യം നിർവ്വഹിക്കേണ്ടിവന്നിട്ടുണ്ട്. ഇതാണു മൂലപുസ്തകം ആദ്യംതന്നെ വരുത്തിവെച്ചതുകൊണ്ടുണ്ടായ ഒരു വലിയ ഗുണം. ഈ ലേഖനങ്ങളും അന്നുതന്നെ പ്രത്യേകം ഒരു പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തിയിരുന്നു. അതും വേഗത്തിൽ വിററുകഴിഞ്ഞുവെങ്കിലും വീണ്ടും അച്ചടിക്കുകയുണ്ടായില്ല.

വൈദ്യംമാത്രം വിഷയമാക്കിട്ടുള്ള ഒരു മാസികയാകുമ്പോൾ കാലംകൊണ്ടു ലേഖനത്തിന്നുള്ള വിഷയങ്ങൾ അവസാനിക്കുകയില്ലേ എന്നു പലരും ചോദിക്കുകയുണ്ടായിട്ടുണ്ട്. എഴുതുവാൻവേണ്ടുന്ന അറിവും കഴിവുമുള്ള ആളുകളുണ്ടെങ്കിൽ വൈദ്യമെന്നല്ല ഏതു പ്രത്യേക വിഷയമായാലും ലേഖനക്ഷാമം വരുവാൻ ന്യായമില്ല. ബ്രിട്ടീഷ് മെഡിക്കൽ ജർണൽ, ലാൻസെററ് എന്നിവക ഇംഗ്ലീഷ് വൈദ്യമാസികകൾ എത്ര കാലമായി നടന്നുവരുന്നവയാണ്. അവയ്ക്കൊന്നിന്നും ലേഖനമില്ലാത്തിട്ടുള്ള ബുദ്ധിമുട്ട് ഒരിക്കലും വരുന്നില്ലല്ലോ. നമ്മുടെ ആയുർവ്വേദം, അലോപ്പതി എന്ന ഇംഗ്ലീഷ് വൈദ്യശാസ്ത്രത്തെപ്പോലെ പ്രോത്സാഹനവും പുരോഗമനവുമുള്ളതല്ലെങ്കിലും, ധന്വന്തരി ആരംഭിച്ചതിന്നുശേഷം ആയുർവ്വേദത്തിന്നുണ്ടായ പുരോഗതി അത്ഭുതാവഹമാണെന്ന് ആരാണ് സമ്മതിക്കാത്തത്. വാസ്തവത്തിൽ ഈ ഒരു വിഷമത ആദ്യകാലത്തു ധന്വന്തരിക്കു നേരിടാതിരുന്നിട്ടില്ല. ഇതിൻെറ നാലാംപുസ്തകമായപ്പോഴേയ്ക്കു ലേഖകന്മാർ വളരെകുറച്ചേ ഉണ്ടായിരുന്നുള്ളു. അപ്പോൾ ഞങ്ങൾ ഒരു വിദ്യ പ്രയോഗിച്ചു. ആര്യവൈദ്യം അഥവാ ആയുർവ്വേദം കാലാനുസാരേണ പരിഷ്കരിക്കണമെന്നുള്ള പക്ഷക്കാർ അന്നു ധാരാളമുണ്ടായിരുന്നു. അവരെ തൃപ്തിപ്പെടുത്തുവാനും, ആ വഴിക്കു ലേഖനങ്ങൾ സമ്പാദിക്കുവാനുംവേണ്ടി ഇവിടെ ഒരു ചോദ്യപത്രിക തയ്യാറാക്കി അനേകം പ്രധാന വൈദ്യന്മാർക്കും, ഉപന്യാസമെഴുതുവാൻ നല്ല പഠിപ്പും പരിചയവുമുള്ള വലിയകോയിത്തമ്പുരാൻ, അപ്പൻതമ്പുരാൻ മുതലായ ഏതാനും പ്രസിദ്ധസാഹിത്യകാര

# മനുസ്മൃതിഭാഷ.

—തുടർച്ച—

[പണ്ഡിതർ. ശ്രീ. ഇ. വി. രാമൻനമ്പൂതിരി]

അഗ്രാഹ്യത്തെഗ്രഹിയ്ക്കൊല്ലാ-നൃപൻ ക്ഷീണിച്ചുപോകിലും; (170
സമൃദ്ധനാകിലുംഗ്രാഹ്യ-മത്ഥംതെല്ലു ത്യജിയ്ക്കൊലാ.
വിടേണ്ടതെല്ലിലും,രാജാ-വേല്ക്കുണ്ടുന്നതൊഴിക്കിലും,
കാണുംദൗർബ്ബല്യമായ്ലോകർ-ഇങ്ങുമങ്ങുമവൻകെടും. (171
സ്വാംശാദാനം,വർണ്ണരക്ഷ,-യബലാവനമാദിയാൽ
ബലമുണ്ടാംരാഷ്ട്രി,നവ-നിങ്ങുമങ്ങാവലുന്നിടം. 172
അതിനാൽ,യമവൽ,ഭൂപൻ-സ്വേഷ്ടാനിഷ്ടങ്ങൾവിട്ടു താൻ
യാമ്യവൃത്തിയിൽവാഴേണം-ജിതക്രോധം,ജിതേന്ദ്രിയൻ.
മോഹമാർന്നേതുരാജാവു-ചെയ്വു കാര്യമധർമ്മമായ് (173
ആട്ടരാത്മാവിനെക്ഷിപ്രം-വശത്താക്കുംരിപുവ്രജം 174
കാമക്രോധമൊതുക്കി,ത്തൻ-കാര്യംധർമ്മേണ നോക്കുവോർ
അനുവർത്തിയ്ക്കുമവനെപ്രജ,-യാഴിയെയാറുപോൽ.175
സ്വേച്ഛയാധനിയാളുന്ന-ധനമെന്ന് ജ്ഞാനിചൊല്ലുകിലോ,
ധനംധനിയ്ക്കുനല്കിച്ചു,പിഴനാലൊന്ന് ജ്ഞാനിയ്ക്കിടും. 176

സമാപകൃഷ്ടാധമർണ്ണർ-പണിചെയ്യുകിലുംകടം (177
വീട്ടണം നമില്ലാഞ്ഞാൽ,മേലാംമെല്ലെയതേകണം.
ഈവിധത്തിൽനൃപൻ,സാക്ഷി-പ്രമാണാദിവഴിയ്ക്കു താൻ (178
വാദിപ്രതികൾതൻകാര്യ-മൊക്കെയുംശരിയാക്കണം.
കുലീനനാമ്വൃത്തവാനായ്-ധർമ്മ്യനായ്സ്സത്യവാദിയായ് (179
ബഹുപുത്രാഢ്യനാംശ്രീമാൻ-തങ്കൽസൂക്ഷിയ്ക്കുന്നാധനം.
എന്തുമാത്രമതൽസൂക്ഷിപ്പാ-നൊരുത്തൻപക്കൽ നല്കുമോ,
അമ്മട്ടുതാൻവാങ്ങിടേണം-ഏകുംപോൽവാങ്ങലാംഹിതം. 180
ചോദിച്ചിട്ടുംമുതലുട-മസ്ഥന്നുകൻകൊടായ്കിലോ,
തദസന്നിധിയിൽപ്രാഡ്വി-വാകൻചോദിയ്ക്കുകാദ്ധനം (181
സാക്ഷ്യഭാവത്തി,ലുൽകൃഷ്ട-ചാരന്മാർവഴി,കൗശലാൽ
ദ്രവ്യമേല്പിച്ചുള്ളനാംപി-ന്നവർചോദിയ്ക്കയാംമറ 182
വെച്ചപോൽകട്ടുകൂടാതെ-തിരിച്ചതുലഭിയ്ക്കുകിൽ,
മുൻനിക്ഷേപ്താവാനയിച്ചോ*രഭിയോഗമസാധുവാം. (183

*അഭിയോഗം = അന്യായം(കേസ്സ്)

ന്മാർക്കും മറുപടിക്കുള്ള അപേക്ഷയോടുകൂടി അയച്ചു കൊടുത്തു. ഞങ്ങളുടെ ചോദ്യങ്ങൾക്കുത്തരമായി പല യോഗ്യന്മാരും ലേഖനങ്ങളയച്ചുതരികയുണ്ടായി. ഇതിനുപുറമെ, പത്രസംവാദം, സംശയസമാധാനങ്ങൾ ഇങ്ങിനെ വിജ്ഞാനവും വിനോദവും ഒരുമിച്ചുണ്ടാക്കുന്ന ചില പൊടിക്കൈകൾ വേറെയും പ്രയോഗിച്ചുനോക്കുകയും, അവയ്ക്കെല്ലാം ഉദ്ദിഷ്ടഫലമുണ്ടാകയും ചെയ്തിട്ടുണ്ട്. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയിട്ടുള്ള ആ ഘട്ടങ്ങളുടെ സ്മരണ ഒരുകാലത്തും എന്റെ മനസ്സിൽനിന്നു മാഞ്ഞുപോകുന്നതല്ല.

ധന്വന്തരിക്കു ഞാനെഴുതീട്ടുള്ള ലേഖനങ്ങൾ അനവധിയുണ്ടെന്നു പറയാമെന്നല്ലാതെ, അവ ഇന്നിന്നതാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടു പ്രയോജനമില്ല. സാധിക്കുമെങ്കിൽ ആവക ഉപന്യാസങ്ങൾ നോക്കിയെടുത്ത് എന്റെ കുട്ടികൾ പ്രസിദ്ധപ്പെടുത്തിക്കൊള്ളട്ടെ. 23-ാംപുസ്തകത്തിന്റെ അവസാനത്തോടുകൂടിയാണ് ധന്വന്തരി നിൎത്തിയതു്. അതിനുള്ള കാരണത്തെപ്പററിയും മററും ജ്യേഷ്ഠൻ പി. എസ്സ്. വാരിയർതന്നെ ചികിത്സാസംഗ്രഹം നാലാംപതിപ്പിന്റെ പുറംചട്ടയിൽ താഴെകാണുന്ന പരസ്യം ചേർത്തിട്ടുണ്ട്.

ധന്വന്തരി.

“ഈ മാസിക എന്നാൽ ആരംഭിക്കപ്പെട്ടതാണെങ്കിലും ആദ്യംമുതല്ക്കു അതിന്റെ ഭാരംമുഴുവൻ വഹിച്ചിരുന്നതു ശ്രീമാൻ പി. വി. കൃഷ്ണവാരിയരായിരുന്നു. എന്നാൽ മാപ്പിളലഹളയ്ക്കുശേഷം അദ്ദേഹത്തിനു വേറെ വിഷയത്തിൽ അധികം ശ്രദ്ധപതിക്കേണ്ടതായി വന്നതുകൊണ്ടു, എനിക്കു സ്വതേയുള്ള പ്രവൃത്തിത്തിരക്കിനാൽ അതു സ്വയമായി ഏറെറടുത്തു നടത്തുന്നതിനു എന്നുമാത്രമല്ലാ, മറെറാരാൾ നടത്തുന്നതായാൽ ലേഖനസഹായം ചെയ്തുകൊടുക്കുന്നതിനുതന്നെയും അക്കാലത്തു സാധിക്കാതെ വന്നതുകൊണ്ടും കുറെക്കാലമായി അതു വീണുകിടക്കുകയാണെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.”

സ്വന്തം ആളുകളിൽ പലരുടേയും സഹായസഹകരണങ്ങളോടുകൂടി ആ മാസിക വീണ്ടും നടത്തുവാൻ സാധിക്കുമെന്ന് അദ്ദേഹം വിചാരിച്ചിരുന്നുഎങ്കിലും, ഇതുവരെ അതിന്നിടവന്നിട്ടില്ലെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ പ്രകൃതം അവസാനിപ്പിക്കട്ടെ.

# സ്ത്രീകൾക്കുള്ള സ്ഥാനം.

[ശ്രീ. പി. ഗോവിന്ദമേനോൻ, ബി. എ.]

ആർഷഭാരതം നമ്മുടെ മുമ്പിൽ നിക്ഷേപിച്ചിട്ടുള്ള മഹനീയസംസ്കാരവും അതുല്യാദർശങ്ങളും പ്രശംസാർഹമാണെങ്കിലും, എന്തുകൊണ്ടോ, സമുദായമദ്ധ്യത്തിലുള്ള നമ്മുടെ മഹിളകളുടെ സ്ഥാനം തുലോം അനഭിലഷണീയമായിത്തീർന്നുവെന്നു സമ്മതിച്ചേ തീരു. പുരുഷന്റെ തുല്യത ജീവിതരംഗത്തിൽ വഹിച്ച്, പരസ്പരസഹായഭാവത്താൽ അവന്റെ സുഖദുഃഖങ്ങളിൽ പങ്കെടുത്തു വിലസേണ്ട സ്ത്രീ ഒരു അടിമരീതിയിൽ വർത്തിക്കേണ്ട നിലയിലായ്‌വന്നതു ശോചനീയമെന്നേ പറയേണ്ടു. പരിഷ്കാരത്തിൽ മുന്നിട്ടു നിൽക്കുന്ന പാശ്ചാത്യരുടെ ഇടയിൽക്കൂടി സ്ത്രീപുരുഷന്മാർക്കുതമ്മിൽ തുല്യാവസ്ഥ കിട്ടിക്കഴിഞ്ഞിട്ടില്ല. നമ്മുടെ നാട്ടിൽ ഈ അകൽച്ച കുറെക്കൂടി ജാസ്തിയാണ്. ചുരുക്കത്തിൽ, ലോകമൊട്ടാകെ നോക്കുന്നതായാൽ, സ്ത്രീകൾക്കു പുരുഷന്മാരേക്കാൾ പല അസ്വാതന്ത്ര്യങ്ങളും അസ്വസ്ഥതകളും ഉള്ളതായിട്ടാണിരിക്കുന്നതു്. നിയമം, പാരമ്പര്യം, മതം മുതലായവയുടെ പേരിൽ അടിമക്കെട്ടുകൾ അവരെസ്സംബന്ധിച്ചു പല മട്ടിലുണ്ടല്ലോ.

നിർബ്ബന്ധവൈധവ്യം, പർദ, ദേവദാസിസമ്പ്രദായം, ബാല്യവിവാഹം, സ്ത്രീധനം, സാമ്പത്തികപാരാധീനം തുടങ്ങി പലതുംകൊണ്ടും പരിതാപകരമായ ഒരു നിലയാണു സ്ത്രീയുടേതു്. ഉചിതങ്ങളായ നിയമങ്ങൾകൊണ്ടു തക്ക സംരക്ഷണം അവൾക്കു നൽകുന്നതിൽ കുറെ ശ്രദ്ധയെല്ലാം ഇയ്യിടെയായി പതിഞ്ഞിട്ടുണ്ടെങ്കിലും, ഇനിയും അക്കാര്യത്തിൽ പലതും ചെയ്യുവാൻ ബാക്കിയായിട്ടുതന്നെയിരിക്കുന്നു. പുരുഷനും സ്ത്രീക്കും തമ്മിൽ തുല്യാവകാശമുണ്ടെന്നു സ്ഥാപിതമാവണം. "യത്ര നാര്യസ്തു പൂജ്യന്തേ, രമന്തേ തത്രദേവതാഃ" എന്നു ഭാരതീയാചാര്യന്മാർ അനുശാസിച്ചിട്ടുണ്ട്. വിധിവൈപരീത്യത്തിന്റെ വിളയാട്ടംകൊണ്ടു കാലക്രമത്തി

---

പാരക്കേകിലവിധിപോൽ-നിധിയാളുള്ളിയെങ്കിലോ
രണ്ടുംബലാൽകൊടുപ്പിയ്ക്കേവണം; ധർമ്മമിവണ്ണമാം 184
കൊടുത്തോൻ ജീവിച്ചിരിയ്ക്കേ-*നിക്ഷേപോപനിധി
(ദ്വയം
അവകാശിയ്ക്കേകൊലാ,തൽ-സ്വാമിയ്ക്കേകാതെപോ
(ക്കലോ! 185
വെച്ചവൻചാകി,ലവകാ-ശിയ്ക്കുതാൻതാനെയേകുവോ
അപഹൃന്നാണരാട്ടിന്നും,-മൃതബന്ധുജനത്തിനും. 186
ഭ്രമിച്ചുവല്ലപിശകും- പററിപ്പോയെങ്കിൽ,മൈത്രിയിൽ
ചിന്തിച്ചു,തദ്രവ്യത്തവും പാ,-ത്രത്ഥം സാമത്തിൽനേട
ണം (187
നിക്ഷേപത്തെത്തിരിച്ചീടാ-തേണ്ടുംശാസ്ത്രമിവണ്ണമാം
മുദ്രവച്ചതുമേദ്രോ-മായ്ത്തിരിച്ചുകിയാൽമതി. 188
കള്ളൻകട്ടു,നഷ്ടമായ്പ്പോയ്-വെള്ളത്താൽ,തീപ്പട്ടി
(ച്ചുപോയ്, (189
എന്നുവന്നാലതേകണ്ടാ-താനതിൽശ്രദ്ധനെങ്കിലോ.
വച്ചതേകാത്തവൻ,വസ്തു-തട്ടുവാങ്ങാൻശ്രമിപ്പവൻ
സർവോപായങ്ങളാൽശാസ്യ-രവർ,*സത്യവഴിയ്ക്കുമേ
(190
നിക്ഷേപം നല്കിടാത്തോനും,-വസ്തുതാതെതൽപ്രതിസ്പ
(വും,
ചോരരേപ്പോൽദണ്ഡ്യരത്രേ; പഴിയ്ക്കുമവരഹ്നാം. 191
നിക്ഷേപത്തേക്കവരുവോൻ-തസമംപിഴകെട്ടണം;
ഉപനിധ്യപഹർത്താവും-മട്ടിനമ്മട്ടുശാസ്യനാം. 192

കള്ളപ്പൊന്നിട്ടവ നമേററാ-ന്നുള്ളതാംസ്വത്തുതട്ടുമാ
റെന്നു ഹായന വന്നുവധ്യൻ-പാപർകാഞ്ഞെപ്പലവിധം.
(193
സാക്ഷികാണ്കെസ്സമർപ്പിച്ച-നിക്ഷേപത്തിന്റെവസ്തുത
സാക്ഷ ചൊല്ലുംവധ്യതാനാം,തർക്കിപ്പോൻദണ്ഡനാർഹ
(നാം. 194
രഹസ്സിലേകി,വാങ്ങിച്ച-രഹസ്സിൽത്തന്നെയെങ്കിലോ
തിരിച്ചുകൊരഹസ്സിൽപോന്ന; *കൊടുത്തമട്ടുകൊള്ള
(ണം, 195
ന്യാസധാരിയെനോവിസ്റ്റാ-തേവം,നിക്ഷേപവിത്ത
വും, 196
ഉപനിധ്യർത്ഥവുംസംബ-ന്ധിച്ചുതീർപ്പുകണ്ണേമ്പുപൻ.
അന്യന്റെമുതലാർത്തസമ്മതിക്കൂടാതെവില്പവൻ
അന്വേഷനമാനിയാവസ്ഥൻ-അപ്രമാണാർഹനേതിലും.
(197
സ്വാമിയ്ക്കവൻവംശ്യനെങ്കി,-ലവൃന്തുമപണംദമം:
അതല്ലസ്പന്ദതന്നെയെന്നാൽ-ചോരവദ്ദണ്ഡ്യനായ്
(വരും 198
അസ്വാമിചെയ്യുന്താംദാനം-വില്പലെന്നിവയൊന്നുമേ
ചെയ്യുതാവില്ലെന്നറിക,-ലോകമര്യാദയിതമാം. 199
അനുഭോഗംകണ്ടതുണ്ടെ-ങ്കാഗമംകാണ്മതില്ലതാൻ,
അങ്ങാഗമംതാൻപ്രമാണം,-മറേറതല്ലി,തമാംസ്ഥി
(തി 200

(തുടരും)

---

* നിക്ഷേപം=കൊടുത്തേല്പിച്ചതു്, ഉപനിധി=മുദ്രവെച്ചതു അഥവാ എണ്ണിത്തിട്ടപ്പെടുത്താത്തതു്.
* അഗ്നിഹരണാദികളാൽത്തന്നെയും. *കൊണ്ടീടേണംകൊടുത്തപോൽ (പാഠഭേദം)

ൽ അനുഭവം മറിച്ചായെന്നേയുള്ളു ഈ അനാശാസ്യപതനം അതിവേഗം പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യവും ആത്മവിശ്വാസവും പെൺകിടാങ്ങളിൽ നിരൂഢമായി വിളയാടത്തക്ക പരിസരങ്ങളാണ് ആദ്യമേ സൃഷ്ടിക്കേണ്ടിയിരിക്കുന്നതു്. സ്ത്രീകളെ പുരുഷന്മാരുടെ കളിപ്പാവകളെന്നപോലെ കരുതുന്ന മനോഭാവം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. മനുഷ്യജീവിതത്തിന്റെ പരിപൂർണ്ണതയ്ക്കു സഹായകമായിത്തീരേണ്ട ഒരു ഘടകമാണു സ്ത്രീ. സ്ത്രീപുരുഷബന്ധത്തിൽ പരിശുദ്ധിക്കാണു സർവ്വപ്രാധാന്യം കല്പിക്കേണ്ടതു്.

“ഹ്ലാദിനിശക്തികൾ” എന്ന ഭാവത്തിലാണു പാശ്ചാത്യർ നാരികളെ വീക്ഷിക്കാറുള്ളതു്. എന്നാൽ ഭാരതീയർ പ്രാധാന്യം കൊടുത്തിട്ടുള്ളതു “മാതൃഭാവ”ത്തിന്നാണ്. സ്ത്രീകൾക്കുള്ള സർവ്വോത്തമമായ ധനം ചാരിത്രസമ്പത്തായിരിക്കണം. സീത, സാവിത്രി, ദമയന്തി തുടങ്ങിയവരാണു ഭാരതീയരുടെ ആദർശവനിതകൾ. അവരെ ആദരിച്ചനുകരിക്കുന്നതിലാണ് നമ്മുടെ ക്ഷേമം നിലകൊള്ളുന്നതു്. ഈ മർമ്മം ആരും മറക്കാതിരിക്കട്ടെ!

ഇന്നത്തെ ലോകത്തിന്നാവശ്യമായ അറിവുകളെല്ലാം പുരുഷനെപ്പോലെതന്നെ സ്ത്രീക്കും ആവശ്യമായതുതന്നെ. എന്നാൽ, സ്ത്രീയും പുരുഷനും പരസ്പരസഹായഭാവത്തിലാണ്, മത്സരനിലയിലല്ല, വർത്തിക്കേണ്ടതെന്ന സംഗതി വിസ്മരിച്ചുകൂടാ. ഗൃഹപരിപാലനം, ശിശുപരിചരണം തുടങ്ങിയ കൃത്യങ്ങളിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ട നിലയിലാണല്ലോ പ്രകൃതിതന്നെ സ്ത്രീയെ സൃഷ്ടിച്ചിട്ടുള്ളതു്. ഇതു മറന്ന് ഏതു തുറയിലും പുരുഷനൊപ്പം പങ്കാളിയാവണമെന്നു ശഠിച്ചു പുറപ്പെട്ടു കാര്യങ്ങൾ അവതാളത്തിലാക്കുന്നതു തങ്ങൾക്കു മാത്രമല്ല ഭാവിതലമുറയ്ക്കുകൂടി ഹാനി തട്ടിയ്ക്കുന്ന രീതിയ്ക്കുള്ളതാണ്. വേണ്ടിവന്നാൽ സുധീരം രണാങ്കണത്തിലിറങ്ങുവാനുള്ള കരുത്തുകൂടി സ്ത്രീകൾക്കുണ്ടായിരിക്കണം. എന്നാൽ “ഗൃഹരാജ്ഞി”യെന്ന സ്ഥാനമാണു സ്ത്രീക്കുണ്ടാവേണ്ടതെന്നു ധരിച്ചിരിക്കേണ്ടതാണ്. ഒരു രാജ്യത്തിന്റെ സുസ്ഥിതി അതിലെ ഓരോ ഗൃഹത്തെയുമാണ് ആശ്രയിച്ചിരിക്കുന്നതു്. ആ ഗൃഹനായികമാരാണു, യഥാർത്ഥപരിപാലനം നടത്തുന്നവരെന്ന് ആരു തന്നെ സമ്മതിക്കയില്ല?

ത്യാഗബുദ്ധി തീവ്രമായിത്തീരുമ്പോൾ, സ്ത്രീകൾക്കും ലോകസേവനത്തിന്നിറങ്ങാമെന്നതു ശരിതന്നെ. ഭരണകാര്യങ്ങളിലും നിയമനിർമ്മാണരംഗങ്ങളിലും മറ്റും സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം ആലോചിച്ചു തീരുമാനങ്ങൾ ചെയ്യുവാനുള്ള ശക്തിയുണ്ടെന്നുള്ളതിലേയ്ക്കു ദൃഷ്ടാന്തങ്ങൾ സുലഭങ്ങളാണല്ലോ. ബുദ്ധിശക്തിയെസ്സംബന്ധിച്ചു സ്ത്രീപുരുഷന്മാർതമ്മിൽ തുല്യതയാണുള്ളതു്. എന്നാൽ പ്രവർത്തനരംഗത്തിൽ സ്വാഭാവികമായുള്ള വ്യത്യസ്തത പരിപാലിക്കുവാനുതകത്തക്കവിധം അതു ഉപയോഗപ്പെടുത്തുന്നതാണ് ആശാസ്യകരം. ലോകയാത്ര സുഗമവും സുഖകരവുമാക്കിത്തീർപ്പാൻ അതാണ് ഉപയോഗപ്പെടുക.

ധർമ്മപഥത്തിൽ അടിയുറച്ചു നില്പാനുള്ള കെൽപു സ്ത്രീകൾക്കാണു സാധാരണ പുരുഷന്മാരേക്കാൾ കൂടുതലെന്നാണിരിക്കുന്നതു്. ഏതു മൃഗീയശക്തിക്കുമുമ്പിലും തലകുനിക്കാത്ത മനോദാർഢ്യം കുലസ്ത്രീകൾക്കുണ്ടു്. “ശസ്ത്രംകൂടാത്ത ധർമ്മസംഗരം” നടത്തുവാനും, “ഏഴുതവാളിന്റെയും വായ്ത്തല മടക്ക”ത്തക്ക“മണിച്ചുട്ട”യണിയുവാനും സ്ത്രീകൾക്കുള്ള അന്യാദൃശമായ കഴിവിന്ന് എണ്ണപ്പെട്ട ഉദാഹരണങ്ങൾ ചരിത്രത്തിൽ ഒട്ടൊന്നുമല്ലല്ലോ.

സ്ത്രീകളുടെ സദാചാരപ്രസക്തി പരിപാലിക്കുന്നതു അവരെ കൂട്ടിലിട്ട കിളികളെപ്പോലെ അടച്ചുവെയ്ക്കുന്നതുകൊണ്ടല്ല. ജീവിതത്തിന്റെ ബഹുമുഖങ്ങളായ വ്യാപാരങ്ങൾ പണ്ടില്ലാത്തവിധം വർദ്ധിച്ചുവന്നിട്ടുള്ള ഇക്കാലത്തു് അത്തരമൊരു അകററിനിർത്തലൊട്ടു സാധ്യമല്ലതാനും. മാനസികപരിശുദ്ധി പ്രബലപ്പെടുത്തുന്നതായാൽ പരിതഃസ്ഥിതികൾക്കു നമ്മെ ദോഷകരമായി ബാധിപ്പാൻ ശക്തിയില്ലാതായിത്തീരും. നിയമത്തിന്റെ നിയമിതപരിധിയിലല്ല നിയതിയുടെ നിരങ്കുശങ്ങളായ വിനോദങ്ങൾ വിളയാടുന്നതെന്നതു ശരിതന്നെ. അതുകൊണ്ടു നിയന്ത്രണവിഷയത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടു്.

ബാഹ്യപരിഷ്കാരപ്പിത്തളാട്ടങ്ങളിൽ ഭ്രമം വർദ്ധിപ്പിക്കുവാനുതകുന്ന ഇന്നത്തെ “ഉടുപ്പിൽ തുന്നിച്ചേർക്കുന്ന”വിദ്യാഭ്യാസം സ്ത്രീകൾക്കു തികച്ചും ഗുണപ്രദമായിട്ടല്ല പരിണമിച്ചിട്ടുള്ളതെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. സമാധാനസുന്ദരമായ ഒരു ഗൃഹം നിർമ്മിക്കുവാനുള്ള അറിവ് ഇന്നത്തെ പഠിപ്പുകാരികളിൽ പലർക്കും ഉണ്ടായിത്തീരുന്നില്ല. സന്ദർഭങ്ങളെ യഥോചിതം ഉപയോഗപ്പെടുത്തുവാൻ കഴിവു വരുത്തത്തക്ക അഭ്യസനങ്ങൾകൊണ്ടു സ്ത്രീകളിൽ നിലീനമായ രചനാത്മകശക്തി നവകാന്തിയോടെ പ്രകാശിതമാവുമ്പോൾ, മനോമോഹനമായ ഒരു ഭാവി ഇവിടെ ഉദയംചെയ്യുന്നതു നമുക്കു കാണുമാറാവും. നമ്മുടെ മഹിളാമണികൾ അത്തരമൊരു സ്ഥാനത്തെത്തി വിളങ്ങുവാൻ അടുത്തുതന്നെ അവക്കിടവരട്ടെ!

ശുഭം.

# * പഴയ കവിതകൾ.

## വിഷ്ണുസ്തവനവകം.

—യമകം—

[പരേതനായ, ശ്രീ. കാത്തുള്ളിൽ അച്യുതമേനോൻ —സമ്പാദകൻ, ശ്രീ. കുന്നേഴത്തു പരമേശ്വരമേനോൻ.]

കമലലോചന! ഗോപവധൂപതേ!
ശമലമോചന! ദേവ! ഭവൽപ്പദേ
വിമലഭക്തിവിളഞ്ഞു വിളങ്ങണം
മമതുലോമതുലാരുകൃപാനിധേ! 1

ഭ്രമതകൊണ്ടിഹ കൃഷ്ണ! ഗൃഹം പണം
പ്രമദ നന്ദനനെന്നനിരൂപണം
മമതപൂണ്ടതു തീർത്തു തരേണമേ
മമഹിതം മഹിതം തവസേവനം. 2

ഭവമൃതിശ്രമഭാരമൊഴിച്ചിടും
ഭവദനുസ്മൃതിലേശമുദിക്കുകിൽ
ഭവമുഖസ്തുത! വസ്തുതയാസമം
ഭവനമാവനമാസ്വരുമാശ്രമേ. 3

പരവധൂധനസാധനകൗതുകം
പരമകൃത്യമസത്യമസൽഭ്രമം
ദുരിതമീവക തീർത്തരുളേണമേ
വരദ! നീരദനീലരുചേ! സുഖം. 4

മരണജന്മഹരം തവ ചേവടി-
സ്മരണവും തിരുനാമവുമെപ്പോഴും
ശരണമെന്നു ഹരേ! മമമാനസ
വരണമാറണമാമയമാകവേ. 5

വനജനേത്ര! ഭവൽപദതാരിലു-
ള്ള നല്ലഭക്തിഭവിക്കുക വേണമേ
വിനയമാർന്നതിശുദ്ധിയിലാസ്വരും
പുനരകം നരകം വരികില്ലമേ. 6

ശമരസത്തൊടുമെന്നുടെയീമന-
സ്സമരസംസ്തുത! നിസ്തുലശോഭയാം
ഭ്രമരസമ്മിതമാം തിരുമെയ്യുമോ-
ർത്തമരണം മരണം വരുവോളവും. 7

വിതതസംസൃതിസങ്കടവങ്കടൽ-
പ്രതരണേതുണനിന്തിരുമേനിമേ
ഇതരനേവനു ശക്തി? വിമുക്തിതൻ
വിതരണേ തരണേ വിജയം ഹരേ! 8

മുദിരവർണ്ണ! മുകുന്ദ! ഭവൽപദ-
സ്മൃതിരസം മമ തന്നരുളേണമേ
മൃതിരുജാനിഹതിക്കഥമേ മനം
മൃതിരുമേ തിരുമേനിയിലെത്തുമേ. 9

*കവി രോഗശയ്യയിൽ കിടക്കുമ്പോൾ പറഞ്ഞുകൊടുത്ത് എഴുതിച്ചത്.

അയാളും ഉദ്ധതനായിരുന്നു. അതുതന്നേയാണു അയാളുടെയും വിനാശത്തിന്നു പ്രധാനകാരണം. ജാപ്പാനിലെ പ്രധാനമന്ത്രിയായിരുന്ന ജനറൽ ടോജോവിന്നു യുദ്ധവിദഗ്ദ്ധതയ്ക്കുപയുക്തമായ ശിക്ഷാക്രമപാടുത്വവും നയവുമുണ്ടായിരുന്നെങ്കിലും, അയാളും ഉദ്ധതനായിരുന്നു. അതിൻെറ ഫലം അയാളുടെ അധഃപതനത്തിന്നും, ജീവനാശത്തിന്നും വഴിവെച്ചു. ഇങ്ങിനെയോരോ മഹാന്മാരുടെയും ചരിത്രത്തെപ്പററി കുറഞ്ഞൊന്നു പരിശോധിച്ചാൽ അവരിൽ മിക്കവക്കും "കരിമ്പിന്നു കമ്പ്കേടെ"ന്നപോലെ ഗർവ്വ്മൂലം മുഖ്യമായ ദോഷഫലവും നേരിട്ടിട്ടുണ്ടെന്നു കാണാം.

# പാണ്ഡിത്യലക്ഷണം ഔദ്ധത്യമോ!

[ദേവീദാസൻ.]

I

മനുഷ്യസഹജങ്ങളായ ദുർഗ്ഗുണങ്ങളിൽ എല്ലാനിലയിലും അനാശാസ്യമായ ഒന്നാണ് ഔദ്ധത്യമെന്നു തീർത്തുപറയാം. ഒരാൾ എത്രതന്നെ പണക്കാരനും, വലിയ പണ്ഡിതനും, ലോകപ്രസിദ്ധനുമായിരുന്നാൽകൂടി, അയാൾ ഉദ്ധതനാണെങ്കിൽ അയാളെ "നല്ലമരത്തിൽ ഇത്തിക്കണ്ണി പിണഞ്ഞ"നിലയിലാണു നാം പരിഗണിക്കേണ്ടതു്. ഔദ്ധത്യമാണു ഏതു് വമ്പന്റെയും ഉന്മൂലനാശത്തിനും ഹേതുഭൂതമെന്നുള്ളതിന്നു ഹിന്ദുപുരാണങ്ങളിൽനിന്നു പല ഉദാഹരണങ്ങളും ഉദ്ധരിക്കുവാൻ കഴിയും. രാവണൻ ബാലിയുടെ വാലിൽ തൂങ്ങിക്കിടന്നു നട്ടംതിരിയുവാൻ ഇടവന്നതു, നാരദമഹർഷിക്കു അയാളുടെ ഗർവ്വം ഒന്നു ശമിപ്പിക്കുവാൻ തോന്നിയതിനാലാണ്. ദുര്യോധനൻ ദുരന്തസങ്കടത്തിന്നധീനനായതു ശ്രീകൃഷ്ണൻ തുടങ്ങിയ പുരാണാദർശപുരുഷന്മാരെ തൃണവൽഗ്ഗണിക്കയാലാണെന്നു നാം മനസ്സിലാക്കണം. കർണ്ണൻ മഹാദാനശീലനും, പരാക്രമശാലിയും, സുഭഗനും, ധനുർവ്വേദപാരംഗതനുമാണെങ്കിൽകൂടി അദ്ദേഹം ഗർവ്വിഷ്ഠനായതുകൊണ്ടാണു വലിയ ദുർഘടത്തിൽപ്പെട്ടതെന്നു സോദാഹരണം സമർത്ഥിക്കുവാൻകഴിയും. ഇതുപോലെ മററനേകം പുരാണപുരുഷന്മാരെക്കുറിച്ചും സൂക്ഷ്മമായ ഒരു നിരൂപണം ചെയ്യുകയാണെങ്കിൽ അവരിൽമിക്കവരും ഗർവ്വിഷ്ഠരായിരുന്നുവെന്നും, അതുതന്നെയാണു അവരുടെ അധഃപതനത്തിന്നു കാരണമെന്നും തെളിയിക്കുവാൻ സാധിക്കും. ക്രിസ്തുദേവകഥകളിൽ ചിലതെടുക്കുന്നപക്ഷം, ധനാഢ്യനായ ശലമോൻ ഗർവ്വിഷ്ഠനായിരുന്നുവെന്നു സമർത്ഥിപ്പാൻ

"ഏഴെട്ടുകാശിന്റെ യുന്ദത്തെള്ളലേ!
പാഴററനിൻതലതാഴില്ലെന്നോ?"

എന്നു് "ശലമോറിയം" കാവ്യത്തിൽ ആ ദ്രുഹത്തെക്കുറിച്ചുള്ള കവിവാക്യം മതിയായ ഉദാഹരണമാണ്. പുരാണപുരുഷന്മാരുടെകഥയങ്ങിനെയിരിക്കട്ടെ. ഭൂമിയിലുള്ള മഹാരാജാക്കന്മാർ പലരും ഔദ്ധത്യംമൂലം ഉൽക്കടമായ നാശത്തിന്നു വിധേയരായിട്ടുണ്ടു്. ഹിററ്ലർ ലോകമൊട്ടാകെ "കിടുകിട"വിറപ്പിക്കത്തക്ക പരാക്രമശാലിയായിരുന്നെങ്കിലും, ആ വിശ്വൈകവീരനുണ്ടായിരുന്ന ഔദ്ധത്യം ഒന്നുതന്നേയാണ് അദ്ദേഹത്തിന്റെ പതനത്തിന്നും സർവ്വോപരി പശ്ചാത്തമായതെന്നു പറയാം. മുസ്സോലിനിക്കും, മററുള്ള പല ഭൂമണ്ഡലാഖണ്ഡലന്മാരേയും മൂക്കുകുത്തിക്കുവാൻ തക്കവാശ്ശ്ധാടിയും, കയ്യൂക്കുമുണ്ടായിരുന്നുവെന്നു സമ്മതിക്കാം. പക്ഷേ

(ശേഷം 197ൽ)

## ടാജ്മഹാളിന്റെ അററകുററപ്പണികൾ.

ലോകപ്രസിദ്ധമായ ടാജ്മഹാളിന്റെ മദ്ധ്യത്തിലുള്ള വലിയ താഴികക്കുടത്തിന്നുള്ള ചില കേടുപാടുകൾ ഇപ്പോൾ തീർക്കപ്പെട്ടുവരുന്നുണ്ടു്. മഴക്കാലത്തു താഴികക്കുടത്തിന്നുള്ളിൽ വലിയ നനവു പററുന്നതുകൊണ്ടും, ചോർച്ചകാണുമാൻ കഴിയാത്തതിനാലും അതിന്റെ ഉള്ളിൽ സിമൻററ് പ്ലാസ്ററർ ചെയ്യുവാനാണു ഇപ്പോൾ തീർച്ചപ്പെടുത്തിയിട്ടുള്ളതു്. അററകുററപ്പണികൾക്കു 16,000ക. യോളം ചെലവു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ലോകത്തിലെ പ്രധാനാത്ഭുതങ്ങളിൽ ഒന്നായ ടാജ്മഹാൾ ഏതുകാലത്തും സുരക്ഷിതമായിരിക്കുവാനിടയാക്കേണ്ടതു അധികൃതന്മാരുടെ മുഖ്യമായ മുറയാണെന്നു പറഞ്ഞേ കഴിയൂ.

## പട്ടാളവകുപ്പുകളിലുണ്ടായിരുന്ന വക്കു വിവാഹത്തിന്നു സഹായം.

ഇന്ത്യൻ കപ്പൽക്കാർ, ഭടന്മാർ, വൈമാനികന്മാർ എന്നിവരുടെ ബോർഡ് ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലുമുള്ള അവരുടെ ശാഖകളിലേയ്ക്കു അയച്ചിട്ടുള്ള നർദ്ദേശത്തിൽ പ്രസ്താവിക്കുന്നതു പ്രസ്തുത വിഭാഗവകുപ്പിലുള്ളവരും, അംഗഭംഗത്താലും മററും പ്രവൃത്തിയ്ക്കു നിവൃത്തിയില്ലാത്തവരുമായ സകല അവിവാഹിതക്കും വിവാഹവിഷയത്തിൽ സഹായങ്ങൾ ചെയ്യുവാൻ ഒരുക്കമുണ്ടെന്നു വിശദമാക്കിയിരിക്കുന്നു. ഇതിലേയ്ക്കു തൽക്കാലം ഒരു പ്രാരംഭച്ചെലവിന്നായി 10,000ക. അനുവദിക്കുകയും ചെയ്തിട്ടുണ്ടു്. 6 മാസകാലത്തോളം പരീക്ഷാർത്ഥം ഈ പദ്ധതിയനുസരിച്ചു പ്രവർത്തിപ്പാനാണു തൽക്കാലം നിശ്ചയം ചെയ്തിട്ടുള്ളതു്.

# പ്രസാധകക്കുറിപ്പുകൾ.

## പി. വി. കൃഷ്ണവാരിയരുടെ സാഹിത്യസേവനം.

ജ്ഞാനവൃദ്ധനും, വയോവൃദ്ധനുമായ ശ്രീ. പി. വി. കൃഷ്ണവാരിയർ ഭാഷാസാഹിത്യാഭിവൃദ്ധിക്കായി ഇതുവരെ ചെയ്തിട്ടുള്ള പ്രശംസാർഹങ്ങളായ പ്രവൃത്തികളെപ്പററി അറിയാത്ത മലയാളികൾ ചുരുക്കമാണ്. പേരിന്നോ പെരുമയ്ക്കോ ആശിക്കാതെ അദ്ദേഹം നടത്തിയിട്ടുള്ള സാഹിതീസമാരാധനത്തെ നാം കർമ്മവാക്കായങ്ങളാൽ ആത്മാർത്ഥമായി അഭിനന്ദിക്കേണ്ടതാണെങ്കിലും, അദ്ദേഹത്തിന്നു 72-ാം വയസ്സു തികയുന്ന ഈ എടവം 28-ാംനു- (ജൂൺ 10-ാംനു-) ആ മഹാശയന്നു പ്രത്യേകം പ്രോത്സാഹനജനകമാകത്തക്കവണ്ണം ശ്ലാഘനീയമായ ചില ഏർപ്പാടുകൾ ചെയ്യേണ്ടതു നമ്മുടെ മുഖ്യമായ മുറയാണ്. അദ്ദേഹത്തിന്റെ "സപ്തതി" പൂർത്തിഘട്ടത്തിൽ ഭാഷാഭിമാനികളായ ചുരുക്കം ചിലർ ചേർന്ന് അദ്ദേഹത്തിന്നു "ഭാഷാവിലാസം" എന്ന പേരിൽ ഒരു ഉപഹാരഗ്രന്ഥം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഭാഷാഭിമാനികൾക്കു ആ അവസരത്തിൽ ആ മാന്യസാഹിത്യകാരന്നു ഒരു പണക്കിഴികൂടി സമർപ്പിക്കണമെന്നു പ്രത്യേകം ആഗ്രഹമുണ്ടായിരുന്നു. പക്ഷെ, ആ ഉള്ളഴിഞ്ഞ പരിശ്രമം അന്നു ഫലപ്രാപ്തിയിൽ വന്നില്ല. എന്നാൽ, ഈ അവസരത്തിൽ അദ്ദേഹത്തിന്നു സാരതരമായ ഒരു ഉപഹാരഗ്രന്ഥവും, ഒരു പണക്കിഴിയും സമ്മാനിക്കണമെന്നുള്ള മഹത്തായ ഉദ്ദേശത്തെ മുൻനിർത്തി ഏതാനും മാന്യസഹൃദയന്മാർ (ഒരു "സംയോജകസംഘ"മെന്ന നിലയിൽ) പൊതുജനസമക്ഷം ഇതിനിടെ സമർപ്പിച്ചിട്ടുള്ള അഭ്യർത്ഥന എല്ലാ നിലയിലും സമുചിതമായിട്ടുണ്ട്. "കവികുലഗുരു"വെന്നും, "സാഹിത്യലോകത്തിലെ ദ്രോണാചാര്യർ" എന്നും മററും അദ്ദേഹത്തിന്റെ സമകാലികന്മാരായ പ്രധാനസാഹിത്യകാരന്മാർതന്നെ അദ്ദേഹത്തെ നിർവ്യാജം പ്രശംസിക്കുന്നതുകൊണ്ട് ആ മഹാമനസ്കന്റെ അപദാനങ്ങളെപ്പററി ഇവിടെ കൂടുതലായി ഞങ്ങൾ പ്രസ്താവിക്കേണ്ടതില്ല. ഭാഷാവിഷയകമായി നിസ്വാർത്ഥസേവനങ്ങൾ നിരന്തരം ഇന്നും ചെയ്തുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്നു നിശ്ചയമായും ഒരു അനുമോദനം എന്ന പരമോദാരക്രിയയായിരിക്കും നാം ഈ ഘട്ടത്തിൽ അദ്ദേഹത്തിന്നു നൽകുന്ന പ്രോത്സാഹനം. ഭാഷാസ്നേഹികളായ സകല മലയാളികളും ഒത്തൊരുമിച്ചു അദ്ദേഹത്തിന്നുവേണ്ടി ചെയ്യുന്ന സകലവിധമായ സഹായസഹകരണങ്ങളേയും കോട്ടയ്ക്കൽ (തെക്കേ മലയാളം) രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള "സംയോജകസംഘക്കാർ" കൃതജ്ഞതാപൂർവ്വം സ്വീകരിക്കുവാൻ സന്നദ്ധരാണ്. ആ വിഷയത്തിൽ അവർക്ക് (സംയോജകസംഘക്കാർക്ക്) സർവ്വോപരി തങ്ങളുടെ പരിശ്രമം വിജയകരമാക്കുവാൻ സംഗതി വരുമെന്നു ഞങ്ങൾ സർവ്വാത്മനാ വിശ്വസിച്ചുകൊള്ളട്ടെ. ശ്രീ. പി. വി. കൃഷ്ണവാരിയർ "പാരിജാത"ത്തിന്റെ പ്രധാനബന്ധുക്കളിൽ ഒരാളാകയാൽ അദ്ദേഹത്തിന്നു പ്രോത്സാഹനപരമായും മററും "പാരിജാതം" വരിക്കാർ നൽകുന്ന സംഭാവനകൾ "പാരിജാതം" മാനേജരുടെ മേൽവിലാസത്തിൽ അയച്ചുതരുവാൻ ഈ സന്ദർഭത്തിൽ ഞങ്ങൾ അവരോട് അഭ്യർത്ഥിക്കുന്നു. അപ്രകാരം ഇവിടെ ലഭിപ്പാനിടയാകുന്ന പ്രോത്സാഹനരൂപത്തിലുള്ള സകലവസ്തുക്കളും ഞങ്ങൾ "സംയോജകകമ്മിററി"ക്ക് അപ്പോൾ അയച്ചുകൊടുക്കുകയും, അങ്ങിനെ സംഭാവന ചെയ്യുന്നവരുടെ പേരുകൾ സസന്തോഷം പ്രസിദ്ധപ്പെടുത്തുകയും ചെയ്യുമെന്നുകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

## പരേതനായ ശ്രീ. സി. വി. കുഞ്ഞുരാമൻ.

ഒരു യഥാർത്ഥസാഹിത്യകാരൻ, ഉറച്ച പണ്ഡിതൻ, നല്ല ഒരു ചരിത്രാന്വേഷണവിദഗ്ദ്ധൻ, ഒരു ഉത്തമസമുദായസ്നേഹി, സമർത്ഥനായ ഒരു പത്രപ്രവർത്തകൻ, നിഷ്പക്ഷമതിയായ ഒരു പൊതുകാര്യപ്രസക്തൻ എന്നീ നിലയിലെല്ലാം പണ്ടേയ്ക്കുതന്നെ പേരും പെരുമയും സിദ്ധിച്ച ഒരു മാന്യദേഹമായിരുന്നു ഇതിനിടെ ദിവംഗതനായ ശ്രീ. സി. വി. കുഞ്ഞുരാമൻ. "കേരളകൗമുദി" എന്ന മലയാളദിനപത്രം വഴിയായും മററും അദ്ദേഹം ഭാഷാഭിവൃദ്ധിയേയും, പൊതുജനത്തെയും ഉദ്ദേശിച്ചു ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങൾ നിസ്സീമങ്ങളും, സർവ്വഥാ പ്രശംസനീയങ്ങളുമാണ്. സമുദായസ്പർദ്ധയ്ക്കിട കൊടുക്കാതെ തന്റെ സരസഗംഭീരമായ തൂലികാചലനവൈചിത്ര്യത്താൽ ശ്രീ കുഞ്ഞുരാമൻ നമ്മുടെ നാട്ടിന്നു, നാട്ടുകാർക്കു ചെയ്തിട്ടുള്ള വിലയേറിയ ഗുണങ്ങളെപ്പററി കേരളീയർ ഒരുകാലത്തും വിസ്മരിക്കുന്നതല്ല. വാർദ്ധക്യദശകൊണ്ടുള്ള ക്ഷീണം ബാധിച്ചു ശാരീരികമായി പൊതുജനഗുണത്തെ പുരസ്കരിച്ചു മുമ്പത്തെപ്പോലെ മുഖ്യമായ പ്രയത്നങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിന്നു കുറച്ചുകാലമായി നിവൃത്തിയില്ലാതെ വന്നിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ ശാശ്വതമായ വേർപാടു നിശ്ചയമായും കേരളമണ്ഡലത്തിന്നു അപരിഹാര്യമായ ഒരു നഷ്ടമാണെന്നു സമ്മതിച്ചേ കഴിയൂ. ജ്ഞാനവൃദ്ധനും, വയോ

വൃദ്ധനമായ അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ഇക്കാലത്തു—പ്രത്യേകിച്ചു ഭാഷാസാഹിത്യത്തിൽ പല പരിവർത്തനങ്ങളുമുണ്ടായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ—നമുക്കു അത്യന്താപേക്ഷിതമായിരുന്നു. അദ്ദേഹത്തിൻെറ അഭാവം തന്മൂലം ഞങ്ങളെ ഏററവും ദുഃഖിതരാക്കുന്നുണ്ട്. ആ മഹാശയൻെറ കുടുംബത്തിന്നും, മററു ബന്ധുക്കൾക്കും നേരിട്ട അപാരമായ സങ്കടത്തിൽ ഞങ്ങളും നിർവ്യാജം പങ്കുകൊള്ളുകയും, അദ്ദേഹത്തിൻെറ ആത്മാവിന്നു നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു.

## മലമ്പനിക്കു സിദ്ധൌഷധം.

20 കോടി ജനങ്ങൾ കൊല്ലംതോറും ഇന്ത്യയിൽ മലമ്പനിബാധിച്ചു സങ്കടപ്പെടുന്നുണ്ട്. ഇന്ത്യയിൽ പ്രതിവത്സരം 9 ലക്ഷം റാത്തൽ ക്വയിനാവാണു നിർമ്മിക്കപ്പെടുന്നതെന്നു കാണുന്നു. "പാലുഡ്രൈൻ" എന്ന വിശേഷപ്പെട്ട ഔഷധം മലമ്പനിക്കു ഒരു കൈകണ്ട മരുന്നാണെന്നു വിശദമായിരിക്കുന്നു. ആ മരുന്നു നേരിട്ടുണ്ടാക്കി വിതരണം ചെയ്യുവാൻ, ഇന്ത്യാഗവർമ്മെണ്ട്, അതിൻെറ ഉടമസ്ഥന്മാരായ "ഇമ്പീരിയൽ കെമിക്കൽ ഇൻഡസ്ട്രീസ്"കാരുമായി ഇപ്പോൾ ആലോചന നടത്തിവരികയാണ്. ഇന്ത്യയിലെ ഗവർമ്മെണ്ടു ആസ്പത്രികൾക്കുമാത്രമായി കൊല്ലംതോറും 75,000 റാത്തൽ "പാലുഡ്രൈൻ" ആവശ്യമായിരിക്കും. മലമ്പനിമൂലം വലിയ കഷ്ടനഷ്ടങ്ങളനുഭവിച്ചുവരുന്ന നമ്മുടെ നാട്ടുകാരായ പലർക്കും ഈ പുതിയ സിദ്ധൌഷധം എല്ലാ നിലയിലും ഒരു പരമാനുഗ്രഹമാകുമെന്നു കാണുന്നതു സംതൃപ്തികരമായ ഒരു സംഗതിയാണ്.

## സ്ററാലിൻ വലിയ കോടീശ്വരനോ?

സോവ്യററ് യൂണിയനിലെ മാത്രമല്ല, ലോകത്തിലെ ഏററവും വലിയ കോടീശ്വരനാണു മാർഷൽ സ്റ്റാലിൻ എന്നു, സോവ്യററുറഷ്യയിൽനിന്നു രക്ഷപ്പെട്ടു ലണ്ടനിൽ എത്തിയിരിക്കുന്ന ലഫ് കേണൽ ടൊക്കോവ് ഒരു ലേഖനത്തിൽ ഇതിനിടെ പ്രസ്താവിച്ചിരിക്കുന്നു. ഏതാണ്ടു ഒരു വ്യാഴവട്ടക്കാലമായി സോവ്യററുയൂണിയൻെറ വിവിധ ഭാഗങ്ങളിൽനിന്നും പാരിതോഷികങ്ങളുടെ നിലയിൽ സ്റ്റാലിന്നു വമ്പിച്ച തുക ലഭിച്ചിട്ടുണ്ടത്രെ. അങ്ങിനെ വലിയ പാരിതോഷികങ്ങൾ ലഭിക്കുമ്പോൾ ഏററവും വലിയ ഒരു കോടീശ്വരനാകുവാൻ അദ്ദേഹത്തിന്നു പ്രയാസമില്ലല്ലൊ. പക്ഷെ, അദ്ദേഹത്തിൻെറ വമ്പിച്ച ധനശേഖരണം കമ്യൂണിസ്ററു സിദ്ധാന്തങ്ങൾക്കു പ്രതികൂലമാണെന്നു പറയുന്നവരോടു വല്ല കുയുക്തിയുമെടുക്കുവാൻ നമ്മുടെ കമ്യൂണിസ്ററുകാർ ബദ്ധകങ്കണരാവാതിരിക്കുമോ, എന്തോ?

## പാരിജാതത്തിന്നു പാരിതോഷികങ്ങൾ.

പ്രസിദ്ധ ഭാഷാഭിമാനിയും, ഉദാരമതിയും, ഭക്തനും, പാരിജാതത്തിൻെറ ഉത്തമബന്ധുക്കളുടെകൂട്ടത്തിൽ എല്ലാനിലയിലും മുന്നണിയിൽ നില്ക്കുന്ന മാന്യദേഹവുമായ ശ്രീ. വഞ്ഞിപ്പുഴ വലിയരാജാവു തിരുമനസ്സുകൊണ്ടു തൻെറ ജന്മനക്ഷത്രംപ്രമാണിച്ചു കഴിഞ്ഞകൊല്ലം ഒരു മതിയായ സംഭാവന സദയം ഞങ്ങൾക്കയച്ചിരുന്നു. ഇക്കൊല്ലവും ആ മഹാമനസ്കൻ സ്വജന്മദിവസം പാരിജാതത്തിന്നു സസന്തോഷം നല്ല ഒരു പാരിതോഷികം അയച്ചുതന്ന വിവരം ഞങ്ങൾ ഇവിടെ കൃതജ്ഞതാപുരസ്സരം രേഖപ്പെടുത്തിക്കൊള്ളുന്നു. ഞങ്ങളുടെ മാന്യബന്ധുക്കളിൽ മറെറാരാളും, സരസകവിയുമായ ഡോക്ടർ കോയാത്തു കൊച്ചുണ്ണിമേനോനും പാരിജാതത്തിന്നു തക്കതായ ഒരു പാരിതോഷികം നൽകിയ സംഗതിയും ഇവിടെ നന്ദിപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

## ഗാന്ധിജിയുടെ കൃതികൾക്കു കാഴ്ചബങ്ക്ളാവ്.

മഹാത്മാഗാന്ധിയുടെ അഭിപ്രായഗതികളുടെയും, അദ്ദേഹത്തിൻെറ കൃതികളുടെയും, മഹത്തായ മററു രേഖകളുടെയും ഒരു സമുച്ചയം സുസ്ഥിരമായ ഒരു പ്രദർശനമെന്ന നിലയിൽ പൊതുവിൽ നിലനിർത്തിക്കൊണ്ടുപോകുവാനുള്ള ഒരു വിശേഷപ്പെട്ട കാഴ്ചബങ്ക്ളാവു ഉടനെ ഇന്ത്യയിൽ സ്ഥാപിക്കപ്പെടുമെന്നു കാണുന്നു. "ഗാന്ധിസ്മാരകനിധിട്രസ്ററുബോർഡ്" ഇതിനിടെക്കൂടിയ ഒരു യോഗത്തിൽ, പ്രസ്തുത ട്രസ്റ്റിൻെറ എക്സിക്യൂട്ടീവ്കമ്മിററിയോടു് അതിന്നു തക്ക സ്ഥലം എവിടെയായിരിക്കണമെന്ന് നിർദ്ദേശിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. മഹാത്മാഗാന്ധിയുടെ ഒരു പ്രധാന അനുയായിയും, അദ്ദേഹമൊരുമിച്ചു പല പ്രധാന സംഗതികളിലും പ്രവർത്തനം നടത്തിയിട്ടുള്ള മാന്യദേഹവുമായ കാക്കാസാഹെബ്ബ് കലേക്കറെ പ്രസ്തുത കാഴ്ചബങ്ക്ളാവിലേയ്ക്കുവേണ്ടി ഗാന്ധിജിയുടെ കൃതികളും മററും ഇന്ത്യയിൽനിന്നും, വിദേശങ്ങളിൽനിന്നും ശേഖരിപ്പാൻ ഗാന്ധിസ്മാരകക്കമ്മിററിഭാരവാഹികൾ അധികാരപ്പെടുത്തിയിട്ടുണ്ട്. മഹാത്മജിയുടെ ജീവിതചരിത്രത്തെ സംബന്ധിച്ചുള്ള പ്രധാന സംഗതികൾ പ്രത്യേകം മനസ്സിലാക്കുവാനും അദ്ദേഹം നിയുക്തനായിരിക്കുന്നു.

(ബാക്കി 198-ാം പേജിൽ)